# ദി ഡിഫെൻഡർ

Vol. No. 11 Issue No. 19 RNI Reg. No. 68089 / 97 Published From Perumbavoor 2008 October 1 Price: Rs.100/- P.A.


# ഡബ്ലിയു.എം.ഇയുടെ മറവിൽ രാജുക്കുട്ടി തട്ടിപ്പു നടത്തുന്നു

വേൾഡ് മിഷനറി ഇവാൻജലിസം (ഡബ്ലിയു.എം.ഇ) സഭയുടെ മറവിൽ ഒ.എം.രാജുക്കുട്ടി കോടികളുടെ തട്ടിപ്പു നടത്തുന്നതായി ഡിഫെൻഡർ നടത്തിയ അനേ്വഷണത്തിൽ വ്യക്തമായി. വേൾഡ് മിഷൻ ഇവാൻജലിസം എന്ന പേരിൽ മറ്റൊരു സംഘടന രജിസ്റ്റർ ചെയ്തുകൊണ്ടാണ് രാജുക്കുട്ടി തട്ടിപ്പു നടത്തുന്നത്.

ഇന്റർ നാഷണൽ സംഘടനയായ ഡബ്ലിയു.എം.ഇയുടെ പ്രവർത്തകനായിരുന്നു രാജുക്കുട്ടി. എന്നാൽ നേതൃത്വവുമായി തെറ്റിപ്പിരിഞ്ഞ ഒ.എം.രാജുക്കുട്ടി ഡബ്ലിയു.എം.ഇ തന്നെയെന്ന് തെറ്റിദ്ധരിക്കത്തക്കവിധം മറ്റൊരു സംഘടന രജിസ്റ്റർ ചെയ്യുകയായിരുന്നു. വേൾഡ് മിഷനറി ഇവാൻജലിസം എന്നത് വേൾഡ് മിഷൻ ഇവാൻജലിസം എന്നു മാറ്റിയാണ് പുതിയ സംഘടന രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ഡബ്ലിയു.എം.ഇ എന്ന പേരിൽ 182/69 നമ്പർ ആയി ആന്ധ്രയിൽ രജിസ്റ്റർ ചെയ്ത സംഘടനയുടെ പ്രവർത്തകനായിരുന്നു രാജുക്കുട്ടി. എന്നാൽ ഏതാനും വർഷം മുൻപ് ഈ സംഘടന തന്റെ കൈപ്പിടിയിലാക്കാൻ രാജുക്കുട്ടി നടത്തിയ ശ്രമം പാളിയതോടെയാണ് പ്രശ്നം ആരംഭിച്ചത്. ഏറെ താമസിയാതെ രാജുക്കുട്ടി ഡബ്ലിയു.എം.ഇയിൽ നിന്നു പുറത്താകുകയും ചെയ്തു. രാജു



ക്കുട്ടിയുടെ നിലനിൽപ്പ് ഡബ്ലിയു.എം.ഇ എന്ന സംഘടനയുടെ ലേബലിലാണ്. സംഘടനയിൽ നിന്നു പുറത്തായി എന്നു ജനം അറിഞ്ഞാൽ നിലനിൽപ്പുതന്നെ അപകടത്തിലാകും. അതുകൊണ്ട് രാജുക്കുട്ടി എല്ലാം പരമ രഹസ്യമാക്കിവച്ചു.

താൻ ഡബ്ലിയു.എം.ഇയിൽത്തന്നെയുണ്ട് എന്നു വരുത്തി തീർത്താൽ മാത്രമേ മുൻപോട്ടു പോകാനാവൂ. ചെകുത്താൻ പോലും തോറ്റുപോകുന്ന ഒരു തന്ത്രമാണ് രാജുക്കുട്ടി അതിനായി പ്രയോഗിച്ചത്. മിഷനറി എന്ന വാക്കിനു പകരം മിഷൻ എന്നു വച്ച് പുതിയൊരു സംഘടന രജിസ്റ്റർ ചെയ്തു. അങ്ങനെ വേൾഡ് മിഷനറി ഇവാൻജലിസം എന്നത് വേൾഡ് മിഷൻ ഇവാൻജലിസമായി. പത്തനംതിട്ട ജില്ലാ രജിസ്ട്രാർ ഓഫീസിൽ 2005 നവംബർ രണ്ടിന് പി. 464/05 എന്ന നമ്പറായി രജിസ്റ്റർ ചെയ്തിരിക്കുന്ന ഈ സൊസൈറ്റിയുടെ പ്രസിഡന്റും ചെയർമാനും രാജുക്കുട്ടിതന്നെയാണ്. സൂസൻ രാജുക്കുട്ടിയാണ് ജനറൽ ട്രഷറാർ. കെ.എം.പൗലോസ് ജനറൽ സെക്രട്ടറി. ഇവരെ കൂടാതെ എട്ട് അംഗങ്ങളുമുണ്ട്.

ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ ''വേൾഡ് മിഷനറി ഇവാൻജലിസം'' സഭയുടെ മാനേജ്മെന്റും വസ്തുവകകളും ഏറ്റെടുക്കുക എന്നൊരെണ്ണം കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ ഡബ്ലിയു.എം.ഇ സഭ അറിയാതെ ആ സഭയുടെ വസ്തുവകകൾ തട്ടിയെടുക്കാനുള്ള ഒരു തന്ത്രമാണിത്. (പേജ് ആറ് കാണുക). രണ്ടു സംഘടനകളും ഡബ്ലിയു.എം.ഇ എന്ന പേരിൽ അറിയപ്പെടുന്നതിനാൽ തട്ടിപ്പ് ആരും ശ്രദ്ധിക്കയുമില്ല. സഭയുടെ എഫ്.സി.ആർ.എ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നത് രാജുക്കുട്ടിയായിരിക്കും എന്നുകൂടി എഴുതിയിട്ടുള്ളതിനാൽ വിദേശപ്പണം വിഴുങ്ങാനും ബുദ്ധിമുട്ടില്ല.

(രാജുക്കുട്ടിയുടെ തട്ടിപ്പിന്റെ വിശദ വിവരങ്ങൾ ഡിഫെൻഡറിന്റെ തുടർന്നുള്ള ലക്കങ്ങളിൽ വായിക്കാം).

# ഓർമ്മയുണ്ടോ ഈ മുഖം?



ഈ ചങ്ങാതിയെ പരിചയമുണ്ടോ? എവിടെയോ കണ്ടു മറന്ന മുഖം. സൂക്ഷിച്ചുനോക്കൂ, അപ്പോൾ ആളെ പിടികിട്ടും. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റും ചവർ ചാനലിന്റെ ചെയർമാനും ഇന്റർനാഷണൽ വ്യഭിചാരിയും മൂന്നു ചുമ്മാഡോകളുടെ ഉടമയുമായ റവ.ഡോ.കെ.സി.ജോൺ എന്ന ശുനകകുലോത്തമന്റെ അവതാരങ്ങളിൽ ഒന്നാണിത്. ആ പാദങ്ങളിൽ തൊട്ടു വണങ്ങിക്കൊള്ളൂ.

ഏതാനും ആഴ്ച മുൻപു വരെ ഇയാൾ മുടി ഡൈ ചെയ്ത് പച്ചക്കാമദേവനായി നടക്കുകയായിരുന്നു. വയസ്സ് 30-35. പക്ഷേ ഡിഫെൻഡറിന്റെ ശല്യം കാരണം മന:സമാധാനമായിട്ട് വ്യഭിചരിക്കാൻ പറ്റാതായപ്പോൾ ഡൈ ചെയ്യുന്നതു നിർത്തി, കിളവനായി. പക്ഷേ ഈ ചങ്ങാതി അവിടംകൊണ്ടും നിർത്തിയില്ല. അച്ചൻകുഞ്ഞു കൊടുത്ത കൗപീനം ധരിച്ചതോടെ മുണ്ടും ജൂബ്ബയുമാക്കി വേഷം.

ഇനിയുള്ള കാലം ഈ വേഷത്തിലാകും കെ.സി.ജോൺ പ്രത്യക്ഷനാകുക എന്നൊന്നും ധരിക്കേണ്ടതില്ല. അണ്ണാൻ മൂത്താലും മരംകയറ്റം നിർത്തുകയില്ല. വേഷം കെട്ടാതെ കെ.സി.ജോണിനു ജീവിക്കാനാവില്ല. അതുകൊണ്ട് ഡൈ ഒഴികെയുള്ള സകല വേഷങ്ങളും തുടർന്നും ഉണ്ടാകും. പിന്നെ എന്തിന് ഈ വേഷം കെട്ടി? അതറിയണമെങ്കിൽ ഈ വേഷം കെട്ടി കെ.സി.ജോൺ ചവറിലൂടെ നടത്തിയ പ്രസംഗം കേൾക്കണം.

മുണ്ടും ഷർട്ടും കൗപീനവും ധരിച്ചാൽ തനി കേരളീയ വേഷമായി. പറഞ്ഞതു കേരള സംസ്ക്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തന്നെ. പണ്ട് കെ.സി.ജോൺ ഓണം ആഘോഷിച്ചതും വള്ളംകളി കാണാൻ പോയതും മറ്റുമാണ് വിവരിച്ചത്. തിരുവോണം, അവിട്ടം, ചതയം തുടങ്ങിയ ദിവസങ്ങളിലാണ് കെ.സി.ജോൺ ഈ വേഷം കെട്ടിയത്. ചവർ ചാനലിൽ അല്പം കേരള സംസ്ക്കാരവും ഇരിക്കട്ടെ എന്നാണ് കെ.സി.ജോൺ ഇതിലൂടെ പറയുന്നതെന്നു തോന്നുന്നു.

ഇതു വെറുമൊരു വേഷം കെട്ടലാണെങ്കിലും ചങ്ങാതിക്ക് ഒരു ഉപദേശി ലുക്ക് കിട്ടുന്നത് ഈ വേഷത്തിലാണെന്നതിനു രണ്ടു പക്ഷമില്ല. ഇതു കെ.സി.ജോണിന്റെ സ്ഥിരം വേഷമാക്കിയാൽ നന്നായിരിക്കും.

# കെ.എ.ഏബ്രഹാം ദുർന്നടപ്പുകാരനാണ്

കുപ്രസിദ്ധ ജനപ്രിയ വിഡ്ഢിയായ കെ.എ.ഏബ്രഹാം വിവരദോഷിയാണെന്ന് മിക്കവരും സമ്മതിക്കുമെങ്കിലും ദുർമ്മാർഗ്ഗിയാണെന്നു പറഞ്ഞാൽ ഡിഫെൻഡർ നുണ പറയുകയാണെന്നേ കരുതൂ. അളിയനായ മത്തായിക്കുട്ടിയുമായി കെ.എ.ഏബ്രഹാമിനുണ്ടായിരുന്ന പ്രകൃതിവിരുദ്ധ ബന്ധത്തേക്കുറിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും അതു ഗൗരവത്തിൽ എടുത്തവർ ചുരുക്കം. പക്ഷേ കെ.എ.ഏബ്രഹാം തികഞ്ഞ ദുർമ്മാർഗ്ഗിയാണെന്നതിന് തെളിവു ലഭിച്ചിരിക്കുന്നു. സംഭവം ചുരുക്കി പറയാം.

രണ്ടാഴ്ച മുൻപ് ഡിഫെൻഡറിന്റെ ഓഫീസിൽ ഒരു പാസ്റ്റർ എത്തി. അദ്ദേഹം മലയാളിയാണെങ്കിലും വടക്കേ ഇന്ത്യയിലാണ് ശുശ്രൂഷിക്കുന്നത്. അവധിക്ക് നാട്ടിൽ വന്നപ്പോൾ കിട്ടിയ ഒരു വാർത്ത ഡിഫെൻഡറിനെ അറിയിക്കാനാണ് പെരുമ്പാവൂരിൽ വന്നത്.

''ദൈവവചനമെന്ന പേരിൽ വിഡ്ഢിത്തം പ്രസംഗിക്കുന്നു എന്നല്ലാതെ സദാചാര വിഷയങ്ങളിൽ കെ.എ.ഏബ്രഹാമിനേക്കുറിച്ച് എന്തെങ്കിലും വിധത്തിലുള്ള ആരോപണമുണ്ടോ?'' അദ്ദേഹം ചോദിച്ചു. ''ഉണ്ട്. രണ്ടു സംഭവങ്ങൾ അറിയാം. കോഴഞ്ചേരിയിൽ നടന്നതാണ് അവയിൽ ഒന്ന്. തിരുവനന്തപുരത്തു നടന്ന സംഭവമാണ് രണ്ടാമത്തേത്. രണ്ടു സംഭവങ്ങളും ഏറെക്കുറെ ഒന്നു തന്നെ. ടീമിലെ പാട്ടുകാരിയോടൊപ്പം കെ.എ.ഏബ്രഹാം വ്യഭിചരിക്കയും പിടിക്കപ്പെടുകയും ചെയ്തു. നാളിതുവരെ ഇതേപ്പറ്റി ഡിഫെൻഡർ എഴുതിയിട്ടില്ല. എങ്കിലും പിന്നാലെ എഴുതും''.

തന്റെ സംശയം തീർന്നു എന്നു പറഞ്ഞിട്ട് ആ പാസ്റ്റർ വയനാട്ടിൽ നടന്ന ഒരു സംഭവം വിവരിച്ചു. പാസ്റ്ററുടെ ജ്യേഷ്ഠസഹോദരിയുടെ വീടിനു സമീപത്ത് ഒരു ക്രൈസ്തവ സമുദായത്തിലെ അംഗമായ ഒരു യുവതി താമസിക്കുന്നുണ്ട്. അവരുടെ ഭർത്താവ് ഗൾഫിലാണ്. പലവിധത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനാൽ ഇവർക്ക് പ്രാർത്ഥനയിലും മറ്റും താല്പര്യമുണ്ട്.

ഒരു ദിവസം ഈ യുവതിക്ക് കെ.എ.ഏബ്രഹാമിന്റെ ഒരു കാസറ്റ് കിട്ടി. എട്ടും പൊട്ടും തിരിയാത്ത സ്ത്രീകളെ ആകർഷിക്കാനുള്ള വകയൊക്കെ കെ.എ.ഏബ്രഹാമിന്റെ കാസറ്റിലുണ്ടല്ലോ. അതുകൊണ്ട് അവർക്ക് ആ പ്ര



സംഗം ഇഷ്ടമായി. ഏറെ താമസിയാതെ കെ.എ.ഏബ്രഹാമിന്റെ മൊബൈൽ നമ്പർ തേടിപ്പിടിച്ച് വിളിച്ചു. തന്റെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും മറ്റും വിവരിച്ചു പറയുകയും പ്രാർത്ഥന ആവശ്യപ്പെടുകയും ചെയ്തു.

കഥ അവിടംകൊണ്ടു തീർന്നില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞ് കെ.എ.ഏബ്രഹാം ഈ യുവതിയെ വിളിച്ച് കുശലം പറഞ്ഞു. പിന്നീട് ഇത് ഒരു സ്ഥിരം പതിവായി. ഫോൺ വിളി മണിക്കൂറുകളോളം നീളാൻ തുടങ്ങി. സംസാരവിഷയത്തിലും മാറ്റം വന്നു. ആത്മീയ വിഷയങ്ങൾ വിട്ട് സംഭാഷണം ലൈംഗിക വിഷയങ്ങളിലേക്കു കടന്നു. ഒടുവിൽ എല്ലാ അതിരും ഭേദിച്ചുള്ള സംഭാഷണമായി.

രഹസ്യങ്ങൾ സൂക്ഷിക്കാൻ സ്ത്രീകൾക്കാവില്ല. അങ്ങനെ ഈ യുവതി സംഭവങ്ങളൊക്കെ പാസ്റ്ററുടെ സഹോദരിയോടു പറഞ്ഞു. പക്ഷേ കെ.എ.ഏബ്രഹാം ഇങ്ങനെയൊന്നും ചെയ്യുമെന്നു വിശ്വസിക്കാൻ ആ സഹോദരിക്കു കഴിഞ്ഞില്ല. ആ സഹോദരിയെ വിശ്വസിപ്പിക്കാനായി അവർ ഉടൻതന്നെ കെ.എ.ഏബ്രഹാമിനെ വിളിച്ചു. സ്പീക്കർ ഫോണിലൂടെ ഇവരുടെ സംഭാഷണം പാസ്റ്ററുടെ സഹോദരി കേട്ടു. സഭ്യതയുടെ സകല അതിരും വിട്ട് കെ.എ.ഏബ്രഹാം ഈ യുവതിയുമായി കൊഞ്ചിക്കുഴയുന്നതുകേട്ട് അവർ തരിച്ചിരുന്നു. ഏതാനും ദിവസം കഴിഞ്ഞ് ആ യുവതി പാസ്റ്ററുടെ സഹോദരിയെ ഒരു സന്തോഷവാർത്ത അറിയിച്ചു: കെ.എ.ഏബ്രഹാം വയനാട്ടിലുള്ള ഒരു സ്ഥലത്ത് കൺവെൻഷനു പ്രസംഗിക്കാൻ വരുന്നു. അവിടെ എത്തണമെന്ന് കെ.എ.ഏബ്രഹാം ഫോൺ ചെയ്ത് അറിയിച്ചിട്ടുണ്ട്. മുപ്പതു കിലോമീറ്ററിൽ അധികം ദൂരെയുള്ള ആ സ്ഥലത്ത് കൺവെൻഷനു പോയാൽ എങ്ങനെ തിരിച്ചുവരും? അതിനുള്ള ഉത്തരവും റെഡി: രാത്രിയിൽ തിരിച്ചു വരേണ്ട ആവശ്യമില്ല. ഒന്നിച്ചു താമസിക്കാൻ ആവശ്യമായ ക്രമീകരണങ്ങളൊക്കെ കെ.എ.ഏബ്രഹാം ചെയ്തിട്ടുണ്ട്. ഏതായാലും പാസ്റ്ററുടെ സഹോദരിയുടെ കർശനമായ നിലപാടു നിമിത്തം ആ യുവതി കൺവെൻഷനു പോയില്ല. (പോയിരുന്നെങ്കിൽ എന്തു നടക്കുമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.) കെ.എ.ഏബ്രഹാം ഈ യുവതിയെ പാപത്തിൽ വീഴ്ത്തുന്നതു തടയാനായി ആ യുവതിയുടെ മൊബൈലിന്റെ സിംകാർഡും പാസ്റ്ററുടെ സഹോദരി നിർബ്ബന്ധിച്ചു മാറ്റി. ഇത്രയുമാണ് പാസ്റ്റർ പറഞ്ഞത്. ഇനി വായനക്കാർ പറയൂ: കെ.എ.ഏബ്രഹാം ദൈവദാസനോ കള്ളനോ?

ഡിഫെൻഡർ കള്ളം പറയുകയാണെന്ന് കെ.എ.ഏബ്രഹാം പറയുമെന്നറിയാം. അതുകൊണ്ടു പറയട്ടെ: ഈ എഴുതിയിരിക്കുന്ന ഓരോ വാക്കും ശരിയാണെന്നതിന് ശാരോൻ നേതാക്കൻമാരുടെ മുൻപിൽ ഡിഫെൻഡർ തെളിവു ഹാജരാക്കാം. കുറ്റം തെളിഞ്ഞാൽ ഉപദേശിപ്പണി നിർത്താൻ കെ.എ.ഏബ്രഹാം തയ്യാറാകുമോ? മറുപടി പറയണം.

ദി ഡിഫെൻഡർ

Vol. No.11 Issue No. 19 2008 October 1

# ഈങ്ക്വിലാബിന്റെ മക്കൾ

ബന്ദും ഹർത്താലും വഴിതടയലും മറ്റും നടത്താത്ത മതവിഭാഗമാണ് പെന്തക്കോസ്തുകാർ എന്നായിരുന്നു നാളിതുവരെയുള്ള ധാരണ. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. തിരുവനന്തപുരത്തു റാലി നടത്താൻ കെ.സി.ജോണും ടി.ജെ. ശാമുവലും ചേർന്നു പദ്ധതിയിട്ടു. പക്ഷേ അതിനെതിരെ ദൈവജനം പ്രതികരിച്ചപ്പോൾ ആ പദ്ധതി പൊളിഞ്ഞു. അതിനിടയിലാണ് പാറശ്ശാലയിൽ ചിലർ വഴിതടയൽ വിജയകരമായി നടപ്പിലാക്കിയത്.

ഒറീസ്സാ, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ക്രൈസ്തവരെ പീഡിപ്പിക്കുന്നുണ്ടെന്നതു ശരിതന്നെ. പക്ഷേ പീഡ എന്നത് ക്രൈസ്തവർക്ക് പുതുമയുള്ള കാര്യമല്ല. ലോകം കണ്ടതിൽ ഏറ്റവും വലിയ പീഡ അനുഭവിച്ചത് കർത്താവായ യേശുക്രിസ്തുവാണ്. ആ പീഡയുടെ ഫലമായാണ് ക്രിസ്തുമാർഗ്ഗം ഉത്ഭവിച്ചത്. അപ്പോസ്തലൻമാരും മറ്റു ക്രിസ്ത്യാനികളും അനുഭവിച്ച പീഡകളുടെ കഥ കരളലിയിക്കുന്നതുമാണ്. അത്രയുമൊന്നും ഇപ്പോൾ ഉണ്ടായിട്ടില്ല. അഥവാ ഉണ്ടായി എന്ന് വാദത്തിനുവേണ്ടി സമ്മതിക്കയും ചെയ്യാം. പക്ഷേ പീഡക്കെതിരെ ക്രൈസ്തവർ വഴിതടയുന്ന സംഭവം ചരിത്രത്തിൽ ആദ്യമായാണുണ്ടായത് എന്നു തീർച്ച.

തങ്ങൾ വഴിതടഞ്ഞില്ലെന്നും പ്രാർത്ഥിക്കുക മാത്രമാണു ചെയ്തതെന്നും ഈ തോന്ന്യാസം നടത്തിയവർ വിശദീകരിച്ചതായി കേട്ടു. ആയിരക്കണക്കിനാളുകൾ നാഷണൽ ഹൈവേയിൽ കുത്തിയിരുന്നല്ല പ്രാർത്ഥിക്കേണ്ടത്. പൊതുജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകാത്തവിധത്തിൽ ഏതെങ്കിലും മൈതാനത്തായിരുന്നു ഇവർ പ്രാർത്ഥന നടത്തിയതെങ്കിൽ തെറ്റില്ലായിരുന്നു. പക്ഷേ വഴിയിൽ കുത്തിയിരുന്ന് അഞ്ചാറു മണിക്കൂർ വഴിതടഞ്ഞിട്ട് അതു പ്രാർത്ഥനയായിരുന്നു എന്നു പറയുന്നർ മാപ്പർഹിക്കാത്ത അപരാധമാണു ചെയ്തത്.

ഒന്നാം നൂറ്റാണ്ടിൽ പീഡയുണ്ടായപ്പോൾ ദൈവജനം സ്വകാര്യ സ്ഥലത്തിരുന്നു പ്രാർത്ഥിച്ചു. ഇന്നും അതാണു ചെയ്യേണ്ടത്, അതു മാത്രമാണു ചെയ്യേണ്ടത്. പൗലോസ് കൈസറെ അഭയം ചൊല്ലിയതുപോലെ, നിയമപരമായ പരിഹാരങ്ങൾക്കായി ശ്രമിക്കുന്നതിലും തെറ്റില്ല. പ്രതിഷേധയോഗം, ജാഥാ, റാലി, വഴിതടയൽ, ഹർത്താൽ തുടങ്ങിയതെല്ലാം ബൈബിളിന്റെ പരിധിക്കു പുറത്തുള്ളവയാണ്. വീണ്ടുംജനനം പ്രാപിച്ച വിശ്വാസികൾക്ക് ഇത്തരം ഹീനകൃത്യങ്ങളിൽ ആശ്രയിക്കാൻ പറ്റില്ല എന്നു തീർച്ച.

# സത്യം സത്യമായി

ഇലക്ട്രിസിറ്റി ബോർഡിലെ പ്രശ്നം സങ്കീർണ്ണമാണ്. നിയമം ഉണ്ടാക്കിയതു കേന്ദ്രത്തിലെ കോൺഗ്രസ്സ് സർക്കാരാണ്. അതുകൊണ്ട് നിയമത്തെ കുറ്റം പറയാൻ കോൺഗ്രസ്സുകാർക്കു പറ്റില്ല. കേരളം ഭരിക്കുന്നത് ഇടതുപക്ഷമാണ്. അതുകൊണ്ട് കോൺഗ്രസ്സ് ഈ സർക്കാർ ചെയ്യുന്നതിനെ എല്ലാം എതിർത്തേ പറ്റൂ. എൽ.ഡി.എഫിന്റെ കാര്യവും കഷ്ടമാണ്. കേന്ദ്ര നിയമം അനുസരിച്ചില്ലെങ്കിൽ എല്ലാവിധ കേന്ദ്രസഹായവും നിൽക്കും. അതോടെ ഊർജ്ജ പ്രതിസന്ധി രൂക്ഷമാകും. ഒരു കമ്പനി ആക്കാമെന്നു വച്ചിട്ട് കേന്ദ്രം അതും സമ്മതിക്കുന്നില്ല. മൂന്നു കമ്പനിയാണ് ഉണ്ടാക്കേണ്ടത്. എങ്കിലും രണ്ടെണ്ണം ഉണ്ടാക്കിയേ മതിയാകൂ എന്ന് കേന്ദ്രം ശഠിക്കുന്നു. കമ്പനി ഉണ്ടാക്കുന്നതുതന്നെ തൊഴിലാളികൾക്കു രസിക്കുന്നില്ല. അതിനിടയ്ക്ക് രണ്ടു കമ്പനി ഉണ്ടാക്കിയാലുള്ള പുകില് ഊഹിക്കാവുന്നതേയുള്ളൂ. ഈ മാസം അവസാനിക്കുന്നതിനു മുൻപ് രണ്ടു കമ്പനി ഉണ്ടാക്കിയില്ലെങ്കിൽ കേന്ദ്രം പിണങ്ങും. പിന്നെ എന്തൊക്കെ നടക്കുമെന്നു കണ്ടു തന്നെ അറിയണം.

ജോസഫ് ഗ്രൂപ്പ് വീണ്ടും പിളരുകയാണ്. പിളരുന്നു എന്നതിനേക്കാൾ ജോസഫ് ഗ്രൂപ്പിൽ പാർക്ക് ചെയ്തിരുന്ന തോമസ് ഗ്രൂപ്പ് അടുത്ത താവളത്തിലേക്കു പോകുന്നു എന്നു പറയുകയാകും ശരി. പക്ഷേ സുരേന്ദ്രൻപിള്ളയേപ്പോലുള്ള ചിലർ കൂടി തോമസിന്റെ വണ്ടിയിൽ കയറുന്നു എന്നതാണ് പ്രശ്നം. വിമാനദുരന്തം മൂലം തളർന്നിരിക്കുന്ന ജോസഫിന് ഇതുകൂടിയാകുമ്പോൾ ക്ഷീണം ഇരട്ടിയാകും എന്നു തീർച്ച. പക്ഷേ തോമസ് പോകുന്നതോടെ എം.പി സീറ്റിനായുള്ള കടിപിടി ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും എന്നൊരു നേട്ടമുണ്ട്. അതു ചെറിയ കാര്യമല്ല.

പെന്തക്കോസ്തുകാരുടെ വഴിതടയൽ പരിപാടിയിൽ പങ്കെടുത്ത മന്ത്രി പുലിവാലു പിടിച്ചു. താൻ പ്രാർത്ഥനായോഗത്തിലാണു പങ്കെടുത്തതെന്നും മറ്റുമുള്ള അവകാശവാദങ്ങൾ വിലപ്പോയില്ല. വഴിതടഞ്ഞതിനെ അഭിനന്ദിച്ച് മന്ത്രി പ്രസംഗിക്കുന്നത് ടി.വി ചാനലുകൾ പലവട്ടം കാണിച്ചതോടെ സത്യം പൊതുജനമറിഞ്ഞു. കുറച്ചു ദിവസം കഴിയുമ്പോൾ മറ്റെന്തെങ്കിലും സംഭവമുണ്ടാകും. അപ്പോൾ പ്രതിഷേധക്കാർ അതിന്റെ പിന്നാലെ പോകും. വഴി തടയലുകാരെ മന്ത്രി ആശീർവദിച്ച കാര്യം അതോടെ ഏവരും മറക്കും. മന്ത്രി രക്ഷപ്പെടും.

പാറശ്ശാലയിൽ വഴി തടഞ്ഞവർ അതിന് ഏതാനും ദിവസം മുൻപ് ഓണം ആഘോഷിച്ചു എന്നു മന്ത്രി പറഞ്ഞത് എന്തുകൊണ്ടും നന്നായി. ഓണം വരുമ്പോൾ അത് ആഘോഷിക്കും. ക്രിസ്തുമസ്സും ദീപാവലിയും വിഷുവും മറ്റ് എല്ലാവിധ ആഘോഷങ്ങളും പൂർവ്വാധികം ഭംഗിയായി കൊണ്ടാടും. ഭൂലോകത്ത് എവിടെയെങ്കിലും ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടാൽ വഴി തടഞ്ഞ് സമരം നടത്തും. പെന്തക്കോസ്ത് ശരിക്കും പുരോഗമിക്കുന്നുണ്ട്.

എവിടെയെങ്കിലും കത്തോലിക്കാ സ്ഥാപനങ്ങൾ ആക്രമിക്കപ്പെട്ടാൽ കത്തോലിക്കർ പ്രതികരിക്കുന്നതിനു മുൻപ് പെന്തക്കോസ്തുകാർ പ്രതിഷേധിക്കുന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. കത്തോലിക്കാസഭ മഹതിയാം ബാബിലോൺ ആണെന്ന വ്യാഖ്യാനമൊക്കെ പഴഞ്ചനായി. കത്തോലിക്കാ-പെന്തക്കോസ്ത് ഭായി ഭായി എന്നാണ് പെന്തക്കോസ്തിലെ കുറെ നേതാക്കൻമാരും വിവരംകെട്ട ചില പെന്തക്കോസ്ത് പത്രങ്ങളും പറയുന്നത്. പക്ഷേ കഴിഞ്ഞ ദിവസം കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ ഇതര ക്രൈസ്തവ സഭകൾ ഹൈന്ദവരുമായി ചർച്ച നടത്തിയപ്പോൾ പെന്തക്കോസ്തുകാരെ ഏഴയലത്ത് അടുപ്പിച്ചില്ല. ''മോരില്ലേൽ ശകലം ഉണ്ടേക്കാം'' എന്ന മട്ടിൽ ചില പെന്തക്കോസ്തുകാർ താല്പര്യം പ്രകടിപ്പിച്ചെങ്കിലും കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടക്കുന്ന ചർച്ചയിൽ പെന്തക്കോസ്തുകാരെ വേണ്ടെന്ന് കത്തോലിക്കർ തുറന്നുപറഞ്ഞതോടെ ഇവർ ഇളിഭ്യരായി.

ദൈവം അഭിഷിക്തൻമാരെ തേടുന്നു എന്ന് കെ.സി. ജോൺ ഇംഗ്ലണ്ടിൽ പ്രസംഗിച്ചതായി ഒരു ഓൺലൈൻ പത്രത്തിൽ കണ്ടു. അഭിഷിക്തൻമാരെ എങ്ങനെയാണ് കാണാതായതെന്ന് കെ.സി.ജോണോ പത്രമോ പറയുന്നുമില്ല. കാണാതായെങ്കിലല്ലേ മാളോരേ തേടി കണ്ടുപിടിക്കേണ്ടതുള്ളൂ.

പീഡയ്ക്കെതിരെ പ്രാർത്ഥിക്കാൻ ചുമ്മാഡോ ബാബു ജോർജ് കഴിഞ്ഞ ദിവസം തിരുവല്ലയിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. പെന്തക്കോസ്തിലെ പ്രധാന ശുനകൻമാരെല്ലാം പങ്കെടുത്തു. പ്രാർത്ഥന ഒഴികെ എല്ലാം അവിടെയുണ്ടായിരുന്നു. ഈറ്റിംഗ് ആയിരുന്നു മീറ്റിംഗിലെ പ്രധാന പരിപാടി. പങ്കെടുത്ത നേതാക്കൻമാർക്കെല്ലാം 1000 രൂപ വീതം ലഭിക്കുകയും ചെയ്തു. ഇവനെയൊക്കെ കൗപീനം ഊരി അടിക്കാൻ ആളില്ലാതെപോയല്ലോ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപംചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിക്കുവാനുള്ള ക്രോധാഗ്നിയുമേയുള്ളു. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവനു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴി കേട്ടു മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടിക്കളയുകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്ന് നിരൂപിക്കുകയും കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്ന് വിചാരിക്കുവിൻ. എബ്രാ. 10: 26-29.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# എ. ഷാജി കുഴയുന്നു

ടി.ജെ.ശാമുവലിന് പ്രിയപ്പെട്ടവർ വ്യഭിചരിച്ചാൽ ഒരുവിധത്തിലുള്ള നടപടിയും ഉണ്ടാകുകയില്ലെന്നും ടി.ജെ.ശമുവലിന് ഇഷ്ടമല്ലാത്തവർ വ്യഭിചാരത്തെ എതിർത്താൽ സഭയിൽ നിന്നു പുറത്താക്കുമെന്നും ഡിഫെൻഡറിന്റെ വായനക്കാർക്ക് അറിയാമല്ലോ. പക്ഷേ കൊച്ചിയിലുള്ളവർക്ക് വ്യഭിചാരം അത്ര നിസ്സാരമായി കാണാൻ കഴിയുന്നില്ല. അതുകൊണ്ട് അവർ എ.ഷാജിയുടെ ദുർന്നടപ്പിനെതിരെ ശക്തമായ നിലപാടെടുത്തിരിക്കയാണ്. കൊച്ചി പ്രദേശത്തുള്ള എല്ലാ പെന്തക്കോസ്ത് സഭകളുടേയും പാസ്റ്റർമാർ ചേർന്ന് ഒരു ഐക്യവേദി ഉണ്ടാക്കിയിട്ടുണ്ട്. എ.ഷാജിയാണ് അതിന്റെ ഇപ്പോഴത്തെ നേതാവ്. പക്ഷേ ദുർന്നടപ്പിന്റെ ശ്രുതിയുള്ള ഒരാൾ തങ്ങളുടെ നേതാവായിരിക്കുന്നത് എല്ലാ പാസ്റ്റർമാർക്കും നാണക്കേടുണ്ടാക്കും. ഡിഫെൻഡർ കള്ളം എഴുതി വിടുകയാണെന്നു ഷാജി വാദിക്കുന്നുണ്ടെങ്കിലും പാസ്റ്റർമാർക്ക് തൃപ്തിയാകുന്നില്ല. ഡിഫെൻഡർ കള്ളം പറയുകയാണെങ്കിൽ മാനനഷ്ടക്കേസ്സ് കൊടുത്ത് എ.ഷാജി നിരപരാധിത്വം തെളിയിക്കണമെന്ന് അവർ ശഠിക്കുന്നു. ഷാജി ശരിക്കും കുഴഞ്ഞു.

# യഥാ വെഷപ്പ്, തഥാ സെക്രട്ടറി

സംഭവം നടന്നത് കൊടൈക്കനാലിലാണ്. അവിടെയെത്തിയ ഒരാൾ കാഴ്ചകളൊക്കെ കണ്ടു നടക്കുന്നതിനിടയിൽ അത്ഭുതകരമായ ഒരു കാഴ്ച കണ്ടു. തന്റെ നാട്ടിലെ കുപ്രസിദ്ധകളായ രണ്ടു വാസവദത്തമാർ അതാ അവിടെ വിലസുന്നു. ഒപ്പം ഒരു മാന്യ ദേഹവുമുണ്ട്. ഈ ചങ്ങാതിയെ എവിടെയോ കണ്ടിട്ടുണ്ടല്ലോ. അല്പം ആലോചിച്ചപ്പോൾ ഓർമ്മവന്നു. പേര് വില്യം. ഒരു ചുമ്മാ മെത്രാപ്പോലീത്തായുടെ ഡയോസിസ് സെക്രട്ടറിയാണ്. പരമ വിശുദ്ധൻ. ഇയാൾ ഈ സ്ത്രീകളോടൊപ്പം എന്തിനു കൊടൈക്കനാലിൽ വന്നു? പ്രാർത്ഥിക്കാൻ. അല്ലാതെന്തിനാ? പണ്ട് ഐ.പി.സി നേതാക്കൻമാർക്ക് കൗൺസിൽ മീറ്റിംഗ് നടത്തണമെന്നു തോന്നിയപ്പോൾ അതിനു യോജിച്ച സ്ഥലമായി കണ്ടത് കൊടൈക്കനാലാണല്ലോ. അവിടെവച്ച് അവർ എടുത്ത എല്ലാ തീരുമാനങ്ങളും ചരിത്രത്തിന്റെ ഭാഗമായി കടലാസ്സിൽ കിടക്കുന്നുമുണ്ടല്ലോ. അതുപോലുള്ള എന്തോ സുപ്രധാന ആത്മീയ പരിപാടിക്കാണ് വില്യം എത്തിയതെന്നു തീർച്ച. പക്ഷേ മെത്രാപ്പോലീത്തായ്ക്ക് ചേട്ടന്റെ മരുമക്കളിൽ ആരെങ്കിലും ഒപ്പം ഇല്ലെങ്കിൽ ഉറക്കം വരില്ല എന്ന വസ്തുത പരിഗണിക്കുമ്പോൾ സെക്രട്ടറിയും മോശമാകാൻ ഇടയില്ല. യഥാ വെഷപ്പ് തഥാ സെക്രട്ടറി.

# നാവടക്കൂ തോമസ്കുട്ടീ

വചനഘോഷണം തോമസ്കുട്ടിയുടെ നാക്ക് അടങ്ങിയിരിക്കുന്ന മട്ടില്ല. കിട്ടാനുള്ളതു കിട്ടാതെ കിട്ടൻ വിടകൊള്ളില്ല എന്നു തോന്നുന്നു. ചെയ്തുകൂട്ടാവുന്ന സകല തോന്ന്യാസങ്ങളും ചെയ്യും. അതിനെതിരെ ഡിഫെൻഡർ എഴുതുമ്പോൾ ഫോണിലൂടെ അയ്യോ പോറ്റി പറയും. വെറുതെ വിടാമെന്നു കരുതി ഡിഫെൻഡർ മിണ്ടാതിരുന്നാൽ വീരസ്യം പറയാൻ തുടങ്ങും. ബാലന് കൈക്കൂലി കൊടുത്ത് ഒതുക്കി, ബാലൻ പേടിച്ച് എഴുത്തുനിർത്തി എന്നൊക്കെ നാടുനീളെ പറഞ്ഞുനടക്കും. അടുത്തകാലത്ത് മംഗളം പത്രത്തിൽ തോമസ്കുട്ടിയേക്കുറിച്ച് വാർത്ത വന്നിരുന്നു. തുടർന്നും എഴുതാനുള്ള പലതും കിട്ടിയെങ്കിലും അവർ ദയകാണിച്ചു. പക്ഷേ മംഗളം പേടിച്ച് എഴുത്തു നിർത്തിയെന്നാണ് ഇപ്പോൾ തോമസ്കുട്ടി പറഞ്ഞു നടക്കുന്നത്. ബാലന്റെ ലൊടുക്കൂസ് പത്രം പോലെയല്ല മംഗളം എന്ന് തോമസ്കുട്ടി മനസ്സിലാക്കണം. മംഗളത്തിനെതിരെ അപവാദപ്രചരണവുമായി നടക്കുന്നത് തീക്കളിയാണ്. അതു നിർത്തുകയാണു ബുദ്ധി.



# സാമുവൽ മുളന്തറ വീണ്ടും രംഗത്ത്

ഏതാനും വർഷം മുൻപ് സകല പെന്തക്കോസ്ത് പത്രങ്ങളിലും നിറഞ്ഞു തുളുമ്പി നിന്ന പേരാണ് സാമുവൽ മുളന്തറയുടേത്. ഇന്റർനെറ്റിൽ നിന്നു ലഭിക്കുന്ന ക്രിസ്ത്യൻ വാർത്തകൾ മലയാളത്തിലാക്കി സകല പെന്തക്കോസ്ത് പത്രങ്ങൾക്കും അയയ്ക്കുകയായിരുന്നു പ്രധാന പരിപാടി. ആദ്യമൊക്കെ എല്ലാ പത്രങ്ങളും ഈ വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും പിന്നീട് എല്ലാവരും നിർത്തി. അതുകഴിഞ്ഞ് ഇംഗ്ലീഷ് പുസ്തകങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്ത് സ്വന്തം പുസ്തകമെന്ന വ്യാജേന പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഈ തട്ടിപ്പ് ഡിഫെൻഡർ കണ്ടുപിടിച്ച് വാർത്തയാക്കിയതോടെ അതും നിർത്തി. സ്വന്തമായി ഒരു പത്രം തുടങ്ങിയെങ്കിലും അതു വിജയിച്ചുമില്ല.

ഇപ്പോഴിതാ സാമുവൽ മുളന്തറ എന്ന പേരു പരിഷ്ക്കരിച്ച് സാം സാമുവൽ ആക്കി ഈ ചങ്ങാതി വീണ്ടും വന്നിരിക്കുന്നു. മേഴ്സി സീറ്റ് മിനിസ്ട്രി എന്നൊരു കുണ്ടാമണ്ടിയുടെ ലേബലിലാണ് പുതിയ അവതാരം. ഉലക സുവിശേഷീകരണമാണ് ലക്ഷ്യം. ദൈവമക്കൾ സൂക്ഷിക്കുക.

# കെ. സി. ജോൺ ഗൾഫിൽ തീകത്തിച്ചു

കെ.സി.ജോൺ ഷാർജയിൽ പ്രസംഗിച്ചപ്പോൾ അഗ്നി ഇറങ്ങി എന്ന് ശ്രീമാൻ എവറസ്റ്റ് അറിയിച്ചപ്പോൾ ഡിഫെൻഡറിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. പക്ഷേ സംഗതി സത്യമായിരുന്നു എന്ന് പിന്നീട് മനസ്സിലായി. കെ.സി.ജോണിന്റെ പ്രസംഗം കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കകം ഷാർജയിൽ സാമാന്യം നല്ല ഒരു തീപിടുത്തമുണ്ടായി. ചില ദിവസങ്ങൾ കഴിഞ്ഞ് മറ്റൊരു അഗ്നിബാധയുമുണ്ടായി. പിന്നീട് കെ.സി. ജോൺ അബുദാബിയിൽ പ്രസംഗിച്ചു. ആ ദിവസങ്ങളിൽ അബുദാബിയിലുമുണ്ടായി അഗ്നിബാധ. സത്യം സത്യമായി പറഞ്ഞാൽ ഇത്രത്തോളം പ്രതീക്ഷിച്ചില്ല. കെ.സി.ജോൺ ആധുനിക ഏലിയാവുതന്നെ. ഈ വിവരം അറിയിച്ച എവറസ്റ്റിനു നന്ദി.

# മോനായി മൗനത്തിൽ

മോനായി ഈയിടെ മൗനത്തിലാണ്. ഡിഫെൻഡറിനെതിരെ പ്രതികരിക്കുന്നതേയില്ല. മടുത്തെന്നു തോന്നുന്നു. ഡിഫെൻഡർ പൂട്ടിക്കാനായി നടന്ന് ഒടുവിൽ മോനായിയുടെ പത്രം പൂട്ടിയതിലുള്ള ബ്ലീച്ചിലാണെന്നു കരുതാം. ഏതായാലും സാലിയുടെ പേരിൽ മറ്റൊരു പത്രം നടത്തുന്നുണ്ടല്ലോ. അതും പൂട്ടിയാൽ മറ്റൊന്നു തുടങ്ങാം.

മോനായിയോട് ഡിഫെൻഡറിന് ഒരു അപേക്ഷയുണ്ട്: ബാലനോട് എത്രവട്ടം തോറ്റാലും ആശ കൈവെടിയരുത്. എന്നെങ്കിലും ബാലനെ തോല്പിക്കാൻ കഴിയും. അതുകൊണ്ട് ബാലനെതിരെ അപവാദപ്രചരണം നടത്തുന്നതു നിർത്തരുത്. മോനായി ഇങ്ങനെ മിണ്ടാതിരുന്നാൽ മോനായിക്കെതിരെ എഴുതാൻ വിഷയമില്ലാതെ ബാലൻ വിഷമിക്കും.

# സുവിശേഷം വിത്തുകാളയിലൂടെ



സുവിശേഷം വിത്തുകാളയിലൂടെ പ്രചരിപ്പിക്കുന്ന സാങ്കേതികവിദ്യ ചവർ ചാനൽ വികസിപ്പിച്ചെടുത്തിരിക്കുന്നു. ഉലകമെമ്പാടും സത്യ സുവിശേഷം പ്രചരിപ്പിക്കാനായി തട്ടിക്കൂട്ടിയെടുത്ത ചവറിൽ ഈയിടെയായി പല നൂതന പരീക്ഷണങ്ങളും അരങ്ങു തകർക്കുകയാണ്. പട്ടിവളർത്തൽ, ഉദ്യാനപാലനം തുടങ്ങിയവയിലൂടെ എങ്ങനെ സുവിശേഷം പ്രചരിപ്പിക്കാം എന്ന് വ്യക്തമാക്കിയശേഷമാണ് വിത്തുകാളകളിലൂടെ സുവിശേഷം പ്രചരിപ്പിക്കുന്ന വിദ്യ കെ.സി.ജോൺ മാലോകർക്കു കാട്ടിക്കൊടുത്തത്.

വിത്തുകാളകളിലൂടെയുള്ള സുവിശേഷവത്ക്കരണത്തിന് അനന്തമായ സാദ്ധ്യതകളാണുള്ളത് എന്നതിനു സംശയമില്ല. എങ്കിലും മറഞ്ഞുകിടന്ന ഈ അത്ഭുത രഹസ്യം ഒരു വെളി(ച്ച)പ്പാടുമൂലമാണ് നാല്പതുകൊല്ലം മുൻപ് കെ.സി.ജോണിന്റെ മനോമുകുരത്തിൽ തെളിഞ്ഞത്. കഴിഞ്ഞ നാലു പതിറ്റാണ്ടിലേറെക്കാലം വിത്തുകാളയേപ്പോലെ ലോകമെങ്ങും സഞ്ചരിച്ച് സുവിശേഷം പ്രചരിപ്പിച്ച് ഈ സാങ്കേതികവിദ്യയുടെ മികവ് തെളിയിക്കാനും കെ.സി.ജോണിനു കഴിഞ്ഞു. ഐ.പി.സിയിലെ എല്ലാ പാസ്റ്റർമാരും ഈ വിദ്യ ഫലപ്രദമായി വിനിയോഗിക്കണമെന്ന് ഒരു ചാക്രിക ലേഖനത്തിലൂടെ തെര്യപ്പെടുത്താനാണ് കെ.സി.ജോൺ ഉദ്ദേശിക്കുന്നത്. അതിന്റെ ആദ്യപടി എന്ന നിലയ്ക്കാണ് ചവറിൽ ഈ പ്രോഗ്രാം സംപ്രേക്ഷണം ചെയ്തത്.

# ഏതപ്പാ മരുതുംകുന്നേൽ

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളിക്കു സമീപം തുരുത്തിക്കാട് മരുതുംകുന്നേൽ ആനി ജോസഫ് എന്ന വ്യക്തിയെ അറിയാമോ? എന്തിനാണ് ഈ വ്യക്തിയെ അന്വേഷിക്കുന്നതെന്നു സംശയം തോന്നാം. കാരണമുണ്ട്. സെപ്റ്റംബർ 19-ാം തീയതി വൈകിട്ട് 8.20ന് ഡിഫെൻഡർ ഓഫീസിലേക്ക് ഫോൺ വിളിച്ച് ഒരാൾ ഭീഷണിപ്പെടുത്തി. ഉചിതമായ മറുപടി കൊടുത്ത് ഫോൺ വച്ചു. പത്തു മിനിട്ട് കഴിഞ്ഞ് വീണ്ടും അതേവ്യക്തി വിളിച്ചു. ശരിയായ മറുപടി പറഞ്ഞിട്ട് വീണ്ടും ഫോൺ വച്ചു. ആരാണു വിളിച്ചതെന്ന് പരിശോധിച്ചപ്പോൾ ലഭിച്ച വിലാസമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആനി ജോസഫ് എന്ന സ്ത്രീയാണ് ഫോണിന്റെ ഉടമസ്ഥയെങ്കിലും വിളിച്ചത് സ്ത്രീയല്ല പുരുഷനാണ്. പക്ഷേ വീട്ടുപേരും സ്ഥലവും മറ്റും അറിയാവുന്നതുകൊണ്ട് ആളെ കണ്ടെത്താൻ കഴിയും. ഇവരേക്കുറിച്ച് അറിയാവുന്നവർ ദയവായി ഡിഫെൻഡർ ഓഫീസിൽ വിവരം അറിയിക്കുക.



# അഭിഷിക്തൻമാരും കുറെ വിഡ്ഢിത്തങ്ങളും

അഭിഷേകം, അഭിഷിക്തൻ തുടങ്ങിയ വാക്കുകൾ പെന്തക്കോസ്തിൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. മഹാപാപികളായ കുറെ പെന്തക്കോസ്ത് നേതാക്കൻമാർ തങ്ങളുടെ പാപം മറയ്ക്കുന്നതിന് അഭിഷേകത്തിന്റെ ആവരണം ഉപയോഗിക്കുന്നുമുണ്ട്. അതുകൊണ്ട് അഭിഷേകം എന്ന വിഷയത്തേക്കുറിച്ച് അല്പം വിശദീകരിക്കയാണ്.

അഭിഷേകം എന്ന വിഷയം ഏറ്റവും അധികം ദുർവ്യാഖ്യാനം ചെയ്യുന്നത് കെ.സി. ജോൺ ആണ്. ഈ ചങ്ങാതിയുടെ പ്രധാന പ്രസംഗ വിഷയവും ഇതുതന്നെ. ദാവീദ് അഭിഷേകം പ്രാപിച്ചതും ശൗൽ കുന്തവുമായി നടന്നതും മറ്റുമാണ് സ്ഥിരം പ്രസംഗം. ഏലിയാവിൽ നിന്നു വീണ പുതപ്പ് ഭൂമിയിലേക്കു വന്ന പരിശുദ്ധാത്മാവാണെന്നുവരെ ഈ വിഡ്ഢി പ്രസംഗിക്കുന്നു.

കെ.എ.ഏബ്രഹാമിനും അഭിഷേകം പഥ്യമാണ്. താൻ ഒന്നാംതരം അഭിഷിക്തനാണെന്നും അതുകൊണ്ട് താൻ പറയുന്നതെല്ലാം ഏവരും അനുസരിച്ചുകൊള്ളണമെന്നുമാണ് അവരാന്റെ പ്രസംഗം. ''അഭിഷിക്ത ദൈവദാസൻമാർ'' എന്നൊരുതരം അത്ഭുതജീവികളെ റ്റിനു ജോർജ് സൃഷ്ടിച്ചിട്ടുണ്ട്. പ്രാർത്ഥന ആവശ്യപ്പെട്ട് ഫോൺ വിളിച്ചാൽ ഈ അഭിഷിക്ത ദൈവദാസൻമാർ പ്രാർത്ഥിക്കുമത്രേ. ഇതിനൊക്കെ ദൈവവചനത്തിൽ ആധാരമുണ്ടോ എന്ന് ഇവരാരും പരിശോധിക്കുന്നില്ല. ആധാരവും കരം കെട്ടിയ രസീതും ഉണ്ടോ എന്നതല്ല ജനത്തെ വിഡ്ഢികളാക്കാൻ കഴിയുന്നുണ്ടോ എന്നതിലാണ് ഇവർക്കൊക്കെ താല്പര്യം.

അഭിഷേകം എന്ന വാക്ക് ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്നത് പഴയനിയമത്തിലാണ്. രാജാവ്, പുരോഹിതൻ, പ്രവാചകൻ എന്നിവരെ അഭിഷേകതൈലം ഉപയോഗിച്ച് പഴയനിയമകാലത്ത് അഭിഷേകം ചെയ്തിരുന്നു. പുതിയനിയമ വിശ്വാസിക്കു ലഭിക്കുന്ന പരിശുദ്ധാത്മാഭിഷേകത്തിന്റെ നിഴലായിരുന്നു ഈ അഭിഷേകം. അഭിഷിക്തൻ എന്ന വാക്ക് മിശിഹയെ കുറിക്കുവാൻ ഉപയോഗിച്ചിരുന്നു.

പുതിയനിമത്തിൽ വളരെ കുറച്ചു മാത്രം ഉപയോഗിച്ചിട്ടുള്ള വാക്കുകളാണ് അഭിഷേകം, അഭിഷിക്തൻ തുടങ്ങിയവ. ക്രിസ്തു എന്ന അർത്ഥത്തിൽ അഭിഷിക്തൻ എന്ന വാക്ക് ഉപയോഗിച്ചിച്ചുണ്ട്. ''അവനാൽ പ്രാപിച്ച അഭിഷേകം'' എന്ന് പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതുമായി ബന്ധപ്പെട്ടും പറയുന്നു. അതല്ലാതെ കെ.സി.ജോണും മറ്റു കള്ളൻമാരും പറയുന്നതുപോലെയുള്ള അർത്ഥങ്ങളൊന്നും ബൈബിളിലില്ല.

വ്യഭിചാരം ഉൾപ്പെടെയുള്ള എല്ലാവിധ തോന്ന്യാസങ്ങളും കാട്ടിക്കൂട്ടുന്ന കള്ളപാസ്റ്റർമാർ തങ്ങളെ ആരും ചോദ്യം ചെയ്യാതിരിക്കാൻ ഉപയോഗിക്കുന്ന ഒരു വാക്യമുണ്ട്. ''എന്റെ അഭിഷിക്തൻമാരെ തൊടരുത്; എന്റെ പ്രവാചകർക്കു ദോഷം ചെയ്യുകയുമരുത്''. പാസ്റ്റർമാരെ വിമർശിക്കരുത് എന്ന അർത്ഥത്തിലാണ് ഇതു മിക്കവരും വ്യാഖ്യാനിക്കുന്നത്. പക്ഷേ ബൈബിൾ പറയുന്നതെന്താണ്? ''അവർ ഒരു ജാതിയെ വിട്ടു മറ്റൊരു ജാതിയിലേക്കും, ഒരു രാജ്യം വിട്ടു മറ്റൊരു വംശത്തിലേക്കും പോകുമ്പോഴും ആരും അവരെ പീഡിപ്പിക്കുവാൻ അവൻ സമ്മതിച്ചില്ല; അവർ നിമിത്തം രാജാക്കൻമാരെയും ശാസിച്ചത്: എന്റെ അഭിഷിക്തൻമാരെ തൊടരുത്; എന്റെ പ്രവാചകർക്കു ദോഷം ചെയ്യുകയുമരുത് എന്നു പറഞ്ഞു''. 1ദിന.16: 20-22, സങ്കീ.105: 13-15. യിസ്രായേൽ ജനം വിവിധ രാജ്യങ്ങളിലൂടെ അലഞ്ഞു നടന്നപ്പോൾ ദൈവം അവരെ ഏതു വിധത്തിലാണ് സംരക്ഷിച്ചത് എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഈ വാക്യങ്ങളിൽ അഭിഷിക്തൻ, പ്രവാചകൻ എന്നൊക്കെ പറഞ്ഞിരിക്കുന്നത് യിസ്രായേൽ ജനത്തേക്കുറിച്ചാണ്. വ്യഭിചരിച്ചു നടക്കുന്ന പെന്തക്കോസ്ത് ഉപദേശിക്ക് ഒരു ദോഷവും വരുത്തരുത് എന്ന അർത്ഥത്തിൽ ഈ വാക്യം വ്യാഖ്യാനിക്കരുത്.

അഭിഷേകം നഷ്ടപ്പെട്ട ശൗലിനെ ദാവീദ് കൊന്നില്ല എന്നതാണ് അടുത്ത വാദം. പക്ഷേ ശൗലിനെ കൊല്ലരുത് എന്നു ദൈവം പറഞ്ഞില്ല എന്ന വസ്തുത ഇവർ മറന്നുപോകുന്നു. ദൈവം ദാവീദിന്റെ ശത്രുവിനെ ദാവീദിന്റെ കൈയ്യിൽ ഏല്പിക്കുമെന്നും ദാവീദിന് ഇഷ്ടമുള്ളതുപോലെ ചെയ്യാമെന്നുമാണ് ദൈവം പറഞ്ഞത്. ദാവീദ് ശൗലിനെ വധിക്കാതിരുന്നത് ദൈവകല്നയനുസരിച്ചല്ല സ്വന്ത ഇഷ്ടപ്രകാരമായിരുന്നു. ദാവീദ് അങ്ങനെ ചെയ്തതുകൊണ്ട് പുതിയനിയമ വിശ്വാസികളെല്ലാം അങ്ങനെ ചെയ്തേ മതിയാകൂ എന്നില്ല. പത്രോസ് തെറ്റു ചെയ്തപ്പോൾ പൗലോസ് പരസ്യമായി എതിർത്തു. പത്രോസ് അഭിഷിക്തനായതുകൊണ്ട് പത്രോസിനെ എതിർക്കാൻ പാടില്ല എന്നു പൗലോസ് ചിന്തിച്ചില്ല. അഭിഷേകം നഷ്ടപ്പെട്ടിട്ടും ദാവീദ് ശൗലിനെ കൊന്നില്ല എന്ന ന്യായം പറഞ്ഞ്, അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്നവനെതിരെ നടപടിയെടുക്കുന്നത് ഒഴിവാക്കാനാവില്ല.

പരിശുദ്ധാത്മസ്നാനം പ്രാപിച്ച എല്ലാ പുതിയനിയമ വിശ്വാസിയും അഭിഷിക്തനാണ് എന്നതും ശ്രദ്ധേയമായ വസ്തുതയാണ്. അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ തുടങ്ങിയവർക്ക് വിശേഷിച്ച് എന്തെങ്കിലും അഭിഷേകമുള്ളതായി പുതിയനിയമം സൂചിപ്പിക്കുന്നുപോലുമില്ല. അഭിഷിക്തനെതിരെ കൈ ഉയിർത്താൻ പാടില്ലെങ്കിൽ ഒരു വിശ്വാസിക്കെതിരേയും നടപടിയെടുക്കരുത്. കാരണം, എല്ലാ പുതിയനിയമ വിശ്വാസികളും അഭിഷിക്തരാണ്. പാസ്റ്റർമാർക്ക് ഒരു പ്രത്യേകതയുമില്ല.

പറഞ്ഞുവരുന്നതിന്റെ ചുരുക്കം ഇതാണ്: പെന്തക്കോസ്തിലെ പാസ്റ്റർമാർ മാത്രമല്ല പരിശുദ്ധാത്മാവിനെ പ്രാപിച്ച എല്ലാ വിശ്വാസികളും അഭിഷിക്തരാണ്. പാസ്റ്റർമാരും വിശ്വാസികളും തമ്മിൽ ഉള്ള വ്യത്യാസം അവർ ചെയ്യുന്ന ശുശ്രൂഷയിൽ മാത്രമാണ്. ഏത് അഭിഷിക്തൻ പാപം ചെയ്താലും നടപടിയുണ്ടാകണം. കെ.സി.ജോണിനേപ്പോലുള്ള മഹാപാപികളെ സഭയിൽ വച്ചുപൊറുപ്പിക്കരുത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ക്രിസ്ത്യാനികൾക്കെതിരേയുള്ള അതിക്രമങ്ങൾ അനുദിനം വർദ്ധിക്കയാണ്. ഇതിനെതിരെ നാം ഏതു വിധത്തിലാണു പ്രതികരിക്കേണ്ടത്?

**■** ഈ ചോദ്യത്തിന് ഒറ്റ വാചകത്തിൽ ഒരുത്തരം പറയാം: പീഡയുണ്ടായപ്പോൾ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിച്ചോ അതുപോലെതന്നെ ഇക്കാലത്തും പ്രതികരിക്കണം.

ദൈവവചനത്തിന്റെ പരിധിയിൽ ഒതുങ്ങി നിൽക്കാൻ നമുക്കു മനസ്സില്ല. അതുകൊണ്ട് പലരും വളയം കൂടാതെ ചാടുകയാണ്. പാറശ്ശാലയിൽ നടന്നത് അതാണ്. തിരുവല്ലയിൽ ജാഥാ നടത്തിയവരും വളയം കൂടാതെ ചാടുകയായിരുന്നു. ഇത്തരം പ്രതികരണങ്ങൾക്കൊന്നും തിരുവചനത്തിൽ അടിസ്ഥാനമില്ല.

നമുക്ക് സങ്കല്പിക്കാവുന്നതിലും വലിയ പീഡയാണ് ഒന്നാം നൂറ്റാണ്ടിലെ ദൈവമക്കൾ അനുഭവിച്ചത്. രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ഇതു തുടർന്നു. നാലാം നൂറ്റാണ്ടിലാണ് ഈ സ്ഥിതിക്കു ഭേദം വന്നത്. അന്ധകാരയുഗത്തിൽ ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. ബൈബിൾ വായിച്ചതിനും ബൈബിൾ തർജ്ജമ ചെയ്തതിനും മറ്റുമായിരുന്നു പീഡ. കുരിശുയുദ്ധങ്ങളുടെ മറവിൽ ക്രിസ്ത്യാനികൾ മുസ്ലീങ്ങളെ പീഡിപ്പിച്ചതും മറക്കാറായിട്ടില്ല. കേരളത്തിലെ ആദ്യകാല പെന്തക്കോസ്തുകാരെ പീഡിപ്പിച്ചത് ഹിന്ദുക്കളോ മുസ്ലീങ്ങളോ അല്ല ഇതര ക്രൈസ്തവ സമുദായങ്ങൾ തന്നെ ആയിരുന്നു. ഇപ്പോൾ പെന്തക്കോസ്തുകാർ, വിശേഷിച്ചും പെന്തക്കോസ്ത് നേതാക്കൻമാർ, സാധുക്കളായ പെന്തക്കോസ്തുകാരെ പീഡിപ്പിക്കുന്നു. അങ്ങനെ പീഡകളുടെ കഥ തുടരുന്നു.

ഹൈന്ദവസംഘടനകൾ ക്രൈസ്തവരെ പീഡിപ്പിക്കുന്ന വിഷയമാണല്ലോ പറഞ്ഞുവരുന്നത്. ഇന്ത്യയിലുള്ള വിവിധ ക്രൈസ്തവ സഭകളും സംഘടനകളും തങ്ങൾ നടത്തിയ സുവിശേഷവേലയേക്കുറിച്ചു പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകൾ വായിച്ചാൽ അല്പമെങ്കിലും ആത്മാഭിമാനമുള്ള ഏതു ഹിന്ദുവിനും ക്രിസ്ത്യാനിയെ പീഡിപ്പിക്കാൻ തോന്നിപ്പോകും. തങ്ങളുടെ പ്രവർത്തനഫലമായി ലക്ഷക്കണക്കിന് ഹിന്ദുക്കൾ ക്രിസ്ത്യാനികളായി എന്നാണ് ഇവർ ഓരോരുത്തരും എഴുതി വിടുന്നത്. പത്രമാസികകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, വെബ്സൈറ്റുകൾ, ഈമെയിലുകൾ തുടങ്ങി എല്ലാ മാദ്ധ്യമങ്ങളിലൂടെയും ഈ പ്രചരണം നടക്കുകയാണ്. ഇവർ പറയുന്നതൊക്കെ സത്യമാണെങ്കിൽ ഇന്ത്യയിൽ വളരെ കുറച്ചു ഹിന്ദുക്കളേ ബാക്കിയുണ്ടാകൂ.

എ.ഡി. 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമായി മാറിക്കഴിഞ്ഞിരിക്കും എന്നാണ് അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതാവായ ടി.ജെ.ശാമുവൽ എന്ന ശുംഭനും ആഞ്ഞിലിക്ക എന്ന മഠത്തിലമ്മയും പറയുന്നത്. ഇതു കേൾക്കുന്ന ഹിന്ദുക്കൾ തങ്ങളുടെ മതത്തിന്റെ സംരക്ഷണത്തിനായി എന്തെങ്കിലുമൊക്കെ ചെയ്തെന്നുവരും. അതുകൊണ്ട് ഇത്തരം വ്യാജ പ്രചരണങ്ങൾ നിർത്തുകയാണ് ആദ്യം ചെയ്യേണ്ടത്.

ക്രിസ്ത്യാനികളുടെ നാക്കിന്റെ വിശേഷതകൊണ്ടും കൈയ്യിലിരുപ്പിന്റെ ഗുണം കൊണ്ടും തല്ലു കിട്ടാറുണ്ട്. ഇത്തരം അക്രമങ്ങളെ ക്രൈസ്തവപീഡയുടെ അക്കൗണ്ടിൽ ചേർക്കുന്നതു ശരിയല്ല.

ക്രൈസ്തവരോടുള്ള വിരോധം മൂലം, തികച്ചും മതപരമായ കാരണങ്ങളാൽ ഉണ്ടാകുന്ന പീഡയാണ് യഥാർത്ഥ ക്രൈസ്തവ പീഡ. വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾക്ക് ഇത്തരം പീഡകൾ തീർച്ചയായും ഉണ്ടാകും. അത് ക്രിസ്ത്യാനികളുടെ അവകാശമാണ്. ഈ വിധത്തിലുള്ള പീഡ ഉണ്ടാകുമ്പോൾ, ഒന്നാം നൂറ്റാണ്ടിലെ ദൈവമക്കൾ ചെയ്തതുപോലെ, ദൈവസന്നിധിയിൽ ഇരുന്ന് പ്രാർത്ഥിക്കുക. ദൈവഹിതം നടക്കാനായി വിധേയപ്പെടുത്തി കൊടുക്കുക. അതാണ് ശരിയായ വഴി.

പീഡിപ്പിക്കാൻ ആളു വരുന്നു എന്നറിയുമ്പോൾ നെഞ്ചുവിരിച്ചുനിന്ന് പീഡ സഹിക്കണം എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ഓടി രക്ഷപ്പെടാൻ കഴിയുമെങ്കിൽ ഓടുക. പൗലോസിനെ കുട്ടയിൽ കയറ്റി രക്ഷിച്ച സംഭവം നല്ല ഉദാഹരണം. രക്ഷപ്പെടാൻ ഒരു വഴിയുമില്ലെങ്കിൽ പീഡ സഹിക്കുക. ഒരിക്കലും തിരിച്ചടിക്കരുത്. പൗലോസ് കൈസറെ അഭയം ചൊല്ലിയതുപോലെ, നിയമപരമായ അവകാശാധികാരങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല. പക്ഷേ ജാഥയും ധർണ്ണയും റാലിയും വഴിതടയലും ഹർത്താലും മറ്റും വീണ്ടുംജനനം പ്രാപിച്ച ക്രിസ്ത്യാനികൾക്കു സ്വീകാര്യമല്ല. പെന്തക്കോസ്ത് ഫെലോഷിപ്പല്ല സാക്ഷാൽ ഹെവൻലി ഫെലോഷിപ്പ് സംഘടിപ്പിച്ചതായാലും വഴി തടയൽ ഹീനമായ നടപടിയാണ്. ചിലർക്കൊക്കെ ആളുകളിക്കാനും നേതാവാകാനും പത്രത്തിൽ ഫോട്ടോ വരാനും ടി.വിയിൽ വാർത്തവരാനും മറ്റും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളാണിവ. ഇതൊക്കെ ദൈവജനം ഉപേക്ഷിക്കണം.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# പാസ്റ്ററുടെ മകൾ സിനിമയിൽ



പാസ്റ്ററുടെ മകൾക്ക് സിനിമയിൽ അഭിനയിക്കാമോ? അഭിനയിക്കാമെന്ന് രവി കുറുപ്പിന്റെ മകൾ ജൂലിയ കുറുപ്പ് തെളിയിച്ചിരിക്കുന്നു. മോഹൻലാലിനെ നായകനാക്കിക്കൊണ്ട് ഷാജി കൈലാസ് സംവിധാനം ചെയ്യുന്ന 'റെഡ് ചില്ലീസ്' എന്ന സിനിമയിലെ പ്രധാന വേഷങ്ങളിൽ ഒന്നു ചെയ്യുന്നത് ജൂലിയ കുറുപ്പാണ്. അഞ്ജലി മേനോൻ സംവിധാനം ചെയ്ത മഞ്ചാടിക്കുരു എന്ന ചിത്രത്തിലും ജൂലിയ അഭിനയിച്ചിരുന്നു. ഈ സിനിമ താമസിയാതെ റിലീസ് ചെയ്യും.

ജൂലിയയുടെ ചിരിക്ക് നല്ല ഭംഗിയുണ്ടെന്ന് മോഹൻലാൽ പറഞ്ഞത്രേ. ഈ ചിരിയാണ് ജൂലിയയ്ക്ക് മോഹൻലാലിനോടൊപ്പം അഭിനയിക്കാൻ കാരണമായതെന്നും പറയപ്പെടുന്നു. ഏതായാലും അമേരിക്കയിലെ അറ്റ്ലാന്റയിലുള്ള ക്രിസ്ത്യൻ അസംബ്ലിയുടെ ഇംഗ്ലീഷ് സർവ്വീസ് നയിച്ചിരുന്ന രവി കുറുപ്പിന്റെ മകൾ സിനിമാനടിയാകുന്നു എന്നത് കൗതുകകരമായ വാർത്തയാണ്. (രവി കുറുപ്പ് ഇപ്പോൾ ബാംഗ്ലൂരിൽ ഒരു ബൈബിൾ കോളേജ് നടത്തുന്നുണ്ട്). ബോംബെയിൽ എംഎസ്സി നെഴ്സിംഗ് വിദ്യാർത്ഥിയായ ജൂലിയ ഭരതനാട്യം, മോഹിനിയാട്ടം തുടങ്ങിയവയും പഠിച്ചിട്ടുണ്ട്. എലിസബത്താണ് അമ്മ.

സിനിമ കാണുന്നവരെ പെന്തക്കോസ്ത് സഭയിൽ നിന്നു പുറത്താക്കിയിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ ടി.വി വ്യാപകമായതോടെ സിനിമ കാണുന്നതു പാപമല്ലാതായി. എങ്കിലും പെന്തക്കോസ്തുകാർ ഇപ്പോഴും തിയേറ്ററിൽ പോയി സിനിമ കാണാൻ ധൈര്യപ്പെടാറില്ല. സിനിമ രംഗത്തു പ്രവർത്തിക്കുന്ന ചിലർ അടുത്തകാലത്ത് പെന്തക്കോസ്ത് വിശ്വാസത്തോട് താല്പര്യം പ്രകടിപ്പിച്ചതു വാർത്തയാകുകയും ചെയ്തിരുന്നു. പക്ഷേ ഒരു പെന്തക്കോസ്ത് പാസ്റ്ററുടെ മകൾ സിനിമാനടിയാകുന്നത് ആദ്യമായാണ്.

പാസ്റ്ററായ രവി കുറുപ്പിന്റെ മകളാണെങ്കിലും ജൂലിയ പെന്തക്കോസ്ത് വിശ്വാസിയാണോ എന്നു വ്യക്തമല്ല. മകൾ സിനിമയിൽ അഭിനയിക്കുന്നതിനേക്കുറിച്ച് രവി കുറുപ്പ് എന്തു പറയുന്നു എന്നും അറിവായിട്ടില്ല. ഏതായാലും വിവാദങ്ങൾക്കു വഴിവെയ്ക്കാൻ ഇടയുള്ള വാർത്തയാണിത് എന്നതിനു സംശയമില്ല.



# തങ്കച്ചൻപാസ്റ്റർ സൂക്ഷിക്കുക

ഇരവിപേരൂരിലെ തങ്കച്ചൻ പാസ്റ്റർക്ക് മാന്യമായ ഭാഷയിൽ കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാകില്ലെന്നു തോന്നുന്നു. കഴിഞ്ഞലക്കം ഡിഫെൻഡറിൽ പേരെടുത്തു പറയാതെ കാര്യങ്ങൾ തികഞ്ഞും മാന്യമായി പറഞ്ഞു. പക്ഷേ ഈ ചങ്ങാതി അതു കണ്ടതായിപ്പോലും ഭാവിക്കുന്നില്ല. അതുകൊണ്ട് ഇത്തവണ പേരെടുത്തു പറയുകയാണ്. ഇനിയും മനസ്സിലായില്ലെങ്കിൽ ഫോട്ടോ സഹിതമായിരിക്കും വാർത്ത വരിക.

ഭാര്യാഭർത്താക്കൻമാർ തമ്മിൽ വഴക്കുണ്ടാകുക സ്വാഭാവികം. എങ്ങനെയെങ്കിലും അതു പരിഹരിക്കാനാണ് പാസ്റ്റർമാർ ശ്രമിക്കേണ്ടത്. പക്ഷേ അമേരിക്കയിലുള്ള ഭർത്താവുമായി തെറ്റിപ്പിരിഞ്ഞെത്തിയ ഒരു സ്ത്രീയെ പറഞ്ഞു മയക്കി വിവാഹമോചനത്തിലെത്തിക്കാൻ തങ്കച്ചൻ പാസ്റ്റർ നടത്തുന്ന ശ്രമം ഹീനമാണ്. ഒരു പാസ്റ്റർ ഇതു ചെയ്യാൻ പാടില്ലാത്തതാണ്. അതുകൊണ്ട് ഈ പരിപാടി ഉടൻ നിത്തുക.

# ബഥേൽ ഉടനെത്തും

ബഥേൽ പി. ജേക്കബ് ഭാര്യാസമേതനായി ഇന്ത്യയിലേക്കു പറക്കാൻ തയ്യാറെടുത്തിരിക്കയാണെങ്കിലും ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതുവരെ ഇന്ത്യയിലെത്തിയിട്ടില്ല. സുവിശേഷവേലക്കെന്നു പറഞ്ഞ് പിരിച്ചെടുത്ത പണം ഉപയോഗിച്ച് സ്വന്തം പേരിൽ വാങ്ങിക്കൂട്ടിയിട്ടുള്ള വസ്തുവകകളിൽ ചിലതു വിറ്റ് പണമാക്കാനാണ് ഇത്തവണ വരുന്നത്. സ്റ്റെപ്പിനിയെ കാണാനാണു വരുന്നതെന്ന് ഡിഫെൻഡർ എഴുതിയതുകൊണ്ട് ഭാര്യാസമേതനായാണെത്തുന്നത്. വന്നിട്ട് എന്തൊക്കെ കാട്ടിക്കൂട്ടുമെന്ന് അറിവായിട്ടില്ല.

# കെ.സി.തോമസ് വിലപിക്കുന്നു

ഐ.പി.സിയുടെ കേരള സ്റ്റേറ്റ് സെക്രട്ടറിയായ കെ.സി. തോമസ് ഇപ്പോൾ ''എന്റെ പിഴ, എന്റെ പിഴ'' എന്നു വിലപിക്കയാണ്. എന്തു പിഴയാണ് കെ.സി തോമസ് ചെയ്തത്? സംഗതി മറ്റേതല്ല എന്ന് പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ. കെ.സി തോമസ് ചെയ്തത് ഇതാണ്: കെ.സി.തോമസ് ശുശ്രൂഷിക്കുന്ന ഐ.പി.സി സഭയുടെ വസ്തുവകകൾ ഐ.പി.സിക്ക് എഴുതിക്കൊടുത്തു. അതാണ് പിഴ. ഇതിലെന്തു പിഴ എന്നു ചോദിച്ചേക്കാം. സംഗതി പിഴതന്നെ. ഇങ്ങനെ എഴുതിക്കൊടുത്തില്ലായിരുന്നെങ്കിൽ കോടികളുടെ വിലമതിക്കുന്ന സ്വത്തുക്കൾ സ്വന്തം പേരിൽ കിടക്കുമായിരുന്നില്ലേ. ഇതൊക്കെ പറഞ്ഞ് ഈ ചങ്ങാതി കൗൺസിലിൽ കണ്ണീരൊഴുക്കിയപ്പോൾ ഒരാൾ ചോദിച്ചു: ''എല്ലാം എഴുതിക്കൊടുത്തെങ്കിലും ആ സഭയുടെ ആജീവനാന്ത പാസ്റ്റർ താൻ തന്നെ ആയിരിക്കുമെന്നു കൂടി ആധാരത്തിലില്ലേ?'' ചോദ്യം കേട്ടതോടെ വിശുദ്ധന്റെ വിലാപം പമ്പകടന്നു. ആരോരുമറിയാതെ കാത്തുസൂക്ഷിച്ച ആ രഹസ്യം എങ്ങനെ അങ്ങാടിപ്പാട്ടായി എന്ന് ഒരു പിടിയും കിട്ടുന്നില്ല.

# കെ.സി.ജോൺ ബ്ലീച്ചടിച്ചു

ഗൾഫിൽ അന്യാഗ്നി കത്തിച്ചിട്ട് മടങ്ങിയെത്തിയ കെ.സി. ജോണിന് ഒരു അക്കിടിപറ്റി. ചർച്ച് ഓഫ് ഗോഡ് കേരള റീജിയന്റെ പുതിയ ഓവർസിയറുടെ സ്ഥാനാരോഹണച്ചടങ്ങിലാണ് സംഭവം നടന്നത്. സ്ഥാനാരോഹണം എന്നു പറയുന്നത് പർവ്വതാരോഹണം പോലെ അത്യന്തം അപകടകരമായ ഒരു പരിപാടിയാണല്ലോ. അതുകൊണ്ട് കേരള സ്റ്റേറ്റിന്റെ ഓവർസിയറായ എം.കുഞ്ഞപ്പി, ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ എന്നിവർ ചേർന്ന് താങ്ങിപ്പിടിച്ചാണ് സ്ഥാനത്തേക്കു കയറ്റിയത്.

പ്രസംഗത്തിനിടയിൽ കെ.സി.ജോൺ ന്യൂജനറേഷൻ പ്രശ്നം എടുത്തിട്ടു. ന്യൂജനറേഷൻ സഭകളുമായി എല്ലാവരും സഹകരിക്കണമെന്നും അത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും മറ്റുമാണ് തട്ടിമൂളിച്ചത്. രണ്ടു ചർച്ച് ഓഫ് ഗോഡുകളുടേയും പിൻതുണയും സഹകരണവും ലഭിച്ചാൽ അത് ന്യൂജനറേഷൻ പ്രശ്നത്തിൽ കെ.സി.ജോണിന് കരുത്തുപകരും. പക്ഷേ വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയുള്ള അനുഭവമാണ് ഉണ്ടായത്.

കെ.സി.ജോണിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ എം.കുഞ്ഞപ്പി പ്രസംഗം ആരംഭിച്ചു. ചർച്ച് ഓഫ് ഗോഡിന് വ്യക്തമായ വിശ്വാസപ്രമാണമുണ്ടെന്നും ആ വിശ്വാസപ്രമാണവുമായി യോജിക്കാത്ത ആരുമായും ചർച്ച് ഓഫ് ഗോഡ് സഹകരിക്കില്ലെന്നും കുഞ്ഞപ്പി അറത്തുമുറിച്ചു പറഞ്ഞു. ചർച്ച് ഓഫ് ഗോഡിലെ വനിതാ തമാശിന്റെ നേതാവായിരുന്ന ആർ.റ്റി.ഒ റോസമ്മ ആഭരണമിട്ട് പൊതുവേദിയിൽ എത്തിയതിന്റെ പേരിൽ അച്ചടക്കനടപടിയെടുത്ത പാരമ്പര്യമാണ് ചർച്ച് ഓഫ് ഗോഡിനുള്ളതെന്നും ആഭരണപ്രശ്നം ഉൾപ്പെടെയുള്ള എല്ലാ വിഷയത്തിലും ചർച്ച് ഓഫ് ഗോഡിനോടു യോജിക്കാത്ത ഒരു ജനറേഷനും തങ്ങളുടെ സഹകരണമുണ്ടാകില്ലെന്നും കുഞ്ഞപ്പി വ്യക്തമാക്കി. എല്ലാം കേട്ട് കെ.സി.ജോൺ ശരിക്കും ബ്ലീച്ചടിച്ചു. കുഞ്ഞപ്പി ഇങ്ങനെ തുറന്നു പറയുമെന്ന് കെ.സി.ജോൺ സ്വപ്നം പോലും കണ്ടിരുന്നില്ല. ഇതു കൊലച്ചതിയായിപ്പോയി കുഞ്ഞപ്പി പാസ്റ്ററേ.

# എൽസിയും സാമും അടങ്ങുന്നില്ല

ഡോണ്ട് വാണ്ട് ഡോണ്ട് വാണ്ട് തിങ്കിംഗ് തിങ്കിംഗ്, ചിൽഡ്രൺ ആർ ക്ലൈമ്പിൾ ഓൺ മൈ ഹെഡ് ആന്റ് പ്ലേയിംഗ് ഹോഴ്സ് (വേണ്ട വേണ്ട എന്നു വിചാരിക്കുംതോറും പിള്ളേര് എന്റെ തലയിൽ കയറി കുതിര കളിക്കുകയാണ്) എന്ന് പണ്ടൊരു വന്ദ്യപിതാവു പറഞ്ഞതുപോലെയാണ് എൽസിയും സാമുംകൂടി പെരുമാറുന്നത്. കെ.സി. ജോൺ വ്യഭിചരിച്ചിട്ടേയില്ലെന്ന് ഹാലേലൂയ്യായിലെ അഭിമുഖത്തിൽ പ്രഖ്യാപിച്ചപ്പോൾ ചില സംഭവങ്ങൾ ഡിഫെൻഡറിനു പേരെടുത്തു പറയേണ്ടതായിവന്നു. അക്കൂട്ടത്തിൽ ''അമേരിക്കയിലെ പാട്ടുകാരി എൽസി'' എന്നും പറഞ്ഞു. അതോടെ എൽസിയും ഭർത്താവായ സാമുംകൂടി അറ്റ്ലാന്റയിൽ കോലാഹലമുണ്ടാക്കി. ഡിഫെൻഡറിനു വിവരം കൊടുത്തവർ എന്നു സംശയിക്കുന്നവരുടെ ഒരു ലിസ്റ്റുണ്ടാക്കി അവരെയെല്ലാം ഭീഷണിപ്പെടുത്തുകയാണ്. ബാലനെ പാഠം പഠിപ്പിക്കുമെന്നും പറയുന്നു. അതുകൊണ്ട് പറയട്ടെ: എൽസിയും സാമും മിണ്ടാതിരിക്കയാണു നല്ലത്. എന്തും ആകാം എന്ന നിലക്ക് ബഹളം കൂട്ടിയാൽ മറ്റു കഥകൾ കൂടി ഡിഫെൻഡർ പറയും. അതോടെ എൽസിയുടെ പഞ്ചാരമോനച്ചൻ എപ്പിസോഡ് ജനം അറിയും. സാമിന്റെ 'ഈഡി' മാത്രമല്ല രാധിക സംഭവവും ബോംബെയിലേക്കുള്ള ഒളിച്ചോട്ടവും മറ്റും മറ്റും ആങ്ങാടിപ്പാട്ടാകും. ഇതൊക്കെ ഡിഫെൻഡറിലൂടെ മാലോകർ അറിയുന്നത് ഒഴിവാക്കാൻ ആഗ്രഹമുണ്ടെങ്കിൽ രണ്ടുപേരും നാവടക്കി, നല്ലപിള്ളകളായി, മിണ്ടാതിരിക്കുക.



# ഡബ്ലിയു.എം.ഈ പ്രസിഡന്റ് റ്റി.എസ്.ബാലനയച്ച ഈമെയിൽ

ഡബ്ലിയു.എം.ഇയുടെ വസ്തുവകകൾ ഏറ്റെടുക്കുക എന്നത് ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നായി പ്രഖ്യാപിച്ചുകൊണ്ട് ഒ.എം. രാജുക്കുട്ടി പുതിയ സംഘടന രൂപീകരിച്ചത് ഡബ്ലിയു.എം.ഇ ഇന്റർനാഷണൽ നേതൃത്വത്തിന്റെ അറിവോടും സമ്മതത്തോടുംകൂടിയാണോ എന്ന് അന്വേഷിച്ചുകൊണ്ട് റ്റി.എസ്.ബാലൻ അമേരിക്കയിലുള്ള ഡബ്ലിയു.എം.ഇ ഹെഡ് ഓഫീസിലേക്ക് അയച്ച ഈമെയിലിനു ലഭിച്ച മറുപടി:

From: jgcwme@scbglobal.net

Dear Mr. Balan:

Allow me to clarify your doubt. World Missionary Evangelism, Inc. (WME) has encountered a number of persons who have appropriated our name, created spin-off versions of WME such as Douglas Educational Welfare Association (DEWA), created entities using the name of Dr. Yvonne Douglas, solicited funds in our name, and occupied and sold our properties illegally. I complained about this to numerous representatives of law enforcement as well as state and federal government in India since 2005. The registrar for societies in Andrha Pradesh dismissed my complaints with the statement, "What's in a name? I can call myself Mahatma Ghandi if I want to."

If O.M. Rajukutty has created another organization using our name, he is guilty of fraud under U.S. law. Apparently he is one of several persons such as Ms. Ruth Komanapalli of Hyderabad & Narsapur and Joy Rao of Nagpur who are doing such things. In case he is in any doubt, I will notify O.M. Rajakutty that he no longer represents WME and is no longer with WME. In no circumstance have we authorized him to take over WME churches.

The national director for WME in India is Bp John Augustine of Lucknow and Delhi . You can reach him at the email address on the banner of this email. You will note that I am sending him and our attorneys a copy of this email.

Thank you for making inquiry about this matter. If you have further questions, please email us or call John Augustine.

Yours Truly,

John Cathcart, President WME-USA

Copy to: archbishop_wme@rediffmail.com, rbeals@wme.org, operations@wme.org, lliechty@lmnlawyers.com

ഒ.എം. രാജുക്കുട്ടി, രൂത്ത് കോമാനപ്പള്ളി തുടങ്ങിയവർ തട്ടിപ്പുകാരാണെന്നതിന് ഇതിൽ കൂടുതൽ തെളിവു വേണ്ട. ഇവർക്ക് ഡബ്ലിയു.എം.ഇയുമായി യാതൊരുവിധ ബന്ധവുമില്ലെന്നും ഇവർ ഡബ്ലിയു.എം.ഇയുടെ പേരുപയോഗിച്ച് തട്ടിപ്പു നടത്തുകയാണെന്നും ഈമെയിലിൽ വ്യക്തമായി പറയുന്നു. യൂദാ 30 വെള്ളിക്കാശിന് കർത്താവിനെ ഒറ്റിക്കൊടുത്തു. ഒ.എം.രാജുക്കുട്ടി കർത്താവിനെ വിറ്റ് കോടികൾ സമ്പാദിക്കുന്നു. കഷ്ടമെന്നേ പറയേണ്ടൂ.

# മോനച്ചൻ പ്രവാചകനെ സൂക്ഷിക്കുക

മോനച്ചൻ പ്രവാചകൻ എന്നൊരാളേപ്പറ്റി കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. സമാനതകളില്ലാത്ത കള്ളപ്രവാചകനാണിയാൾ. ഏതു ഹീനകൃത്യവും ചെയ്യാൻ മടിയില്ലാത്തവൻ. ആരേയും പറഞ്ഞു മയക്കി കബളിപ്പിക്കാൻ കഴിവുള്ളവൻ. ഇയാളുടെ സ്വാധീനത്തിലായാൽ എല്ലാം നഷ്ടമാകും എന്നു തീർച്ച.

പത്തനാപുരം സ്വദേശിയാണ് മോനച്ചൻ. പക്ഷേ അബുദാബിയിലാണ് ജോലി. അതുകൊണ്ട് കേരളത്തിൽ അത്ര അറിയപ്പെടുന്നില്ല. ജോലി എന്നു പറഞ്ഞാൽ ചെറിയ ഒരു ജോലി മാത്രം. കഷ്ടിച്ച് കഴിഞ്ഞുകൂടാം. പക്ഷേ മോനച്ചൻ ഇന്നു വലിയ കോടീശ്വരനാണ്. അതെങ്ങനെ സാധിച്ചു? കള്ളപ്രവചനം പറഞ്ഞ് സാധുക്കളെ കബളിപ്പിച്ച് പണക്കാരനായി.

ഇയാൾ ദൈവവചനം പഠിച്ചിട്ടില്ല. പക്ഷേ പഠിച്ചതായി സർട്ടിഫിക്കറ്റുണ്ട്. അതെങ്ങനെ സാധിച്ചെടുത്തു? ഫിന്നി ജേക്കബ്ബിനെ സ്വാധീനിച്ച് ഒരു സർട്ടിഫിക്കറ്റ് ഒപ്പിട്ടുവാങ്ങി. സർട്ടിഫിക്കറ്റിൽ ഒന്നും എഴുതാതെ ഒപ്പിട്ടുകൊടുക്കുകയാണ് ഫിന്നി ജേക്കബ് ചെയ്തത്. മോനച്ചൻ അതിൽ എന്തൊക്കെയാണ് എഴുതിചേർത്തിരിക്കുന്നതെന്ന് ഫിന്നി ജേക്കബ്ബിനറിഞ്ഞുകൂടാ. ഈ സർട്ടിഫിക്കറ്റിന്റെ ബലത്തിലാണ് മോനച്ചൻ പാസ്റ്ററായി വിലസുന്നതും അമേരിക്കൻ യാത്രകൾ തരപ്പെടുത്തുന്നതും മറ്റും.

കേരളത്തിൽ ഇയാൾ അത്ര അറിയപ്പെടുന്നവനല്ലെങ്കിലും അമേരിക്കയിൽ പ്രശസ്തനാണ്. പലവട്ടം അമേരിക്കൻ പര്യടനം നടത്തി പ്രവചനം പൊടിപൊടിച്ചിട്ടുണ്ട്. ഇയാളുമായി അടുത്തവരെല്ലാം ഫലം അനുഭവിച്ചിട്ടുമുണ്ട്. അല്പം വിശദമായി പറയേണ്ട നിരവധി കഥകളുള്ളതിനാൽ അതൊക്കെ തുടർന്നു വരുന്ന ലക്കങ്ങളിൽ വിവരിക്കാം.

പണവും പെണ്ണുമാണ് മോനച്ചന്റെ ഇഷ്ട വിഭവങ്ങൾ. ഇവ നേടാനായി ഏതു തന്ത്രവും ഇവൻ പ്രയോഗിക്കും. ബ്ലാക്ക് മെയിലിംഗ് ആണ് പ്രധാന പരിപാടി. ഇയാൾക്കു പണം കൊടുത്ത് കുത്തുപാള എടുത്തവരുണ്ട്. പല കുടുംബങ്ങളും ഈ വിധത്തിൽ തകർത്തിട്ടുമുണ്ട്.

പത്തനാപുരത്തുള്ളവർക്ക് മോനച്ചൻ പ്രവാചകനെ നന്നായറിയാം. കുടില തന്ത്രങ്ങൾ പ്രയോഗിച്ച് രക്തബന്ധത്തിലുള്ളവരേപ്പോലും ഇയാൾ വഴിയാധാരമാക്കിയിട്ടുമുണ്ട്.

നിരവധി കള്ളപ്രവാചകൻമാരേക്കുറിച്ച് ഡിഫെൻഡർ എഴുതിയിട്ടുണ്ടെങ്കിലും ഇയാൾക്കു തുല്യനായ ഒരു കള്ളനെ നാളിതുവരെ ഡിഫെൻഡർ കണ്ടെത്തിയിട്ടില്ല. ഇയാളുടെ ചതിയിൽപ്പെട്ട് എല്ലാം നഷ്ടപ്പെട്ടവർ പറഞ്ഞ കഥകൾ കേട്ടിട്ട് ഡിഫെൻഡറിനു വിശ്വാസം വന്നില്ല എന്നതാണ് വസ്തുത. പക്ഷേ വിശദമായ അന്വേഷണം നടത്തിയപ്പോൾ എല്ലാം സത്യമാണെന്നു തെളിഞ്ഞു. കൂടുതൽ വിവരങ്ങൾ വരുംലക്കങ്ങളിൽ വായിക്കാം.

# എവറസ്റ്റ് പുലിവാലു പിടിച്ചു

എവറസ്റ്റ് പുലിവാലു പിടിച്ചു എന്നു കേൾക്കുമ്പോൾ എവറസ്റ്റ് കൊടുമുടിക്ക് എന്തോ അക്കിടി പറ്റി എന്നു ധരിക്കരുത്. സംഗതി അതല്ല. ഐ.പി.സി എന്നത് എവറസ്റ്റ് കൊടുമുടിയാണെന്നും കെ.സി ജോൺ അതിന്റെ മുകളിലിരിക്കയാണെന്നും ഗൾഫിൽ നിന്ന് ഒരു വിവരദോഷി എഴുതിയതിനുള്ള മറുപടി കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. കെ.സി.ജോൺ ഷാർജയിൽ തീ കത്തിക്കയാണെന്ന് എഴുതിയതും ഈ കഴുത തന്നെ. പക്ഷേ സ്വന്തം പേരു വെളിപ്പെടുത്താനുള്ള ധൈര്യം ഇവനുണ്ടായില്ല. റവ.ഡോ.മാത്യു എന്നാണ് ഈമെയിലുകളിൽ എഴുതിയിരുന്നത്. ഇതു വ്യാജമാണ് എന്ന് അറിയാമായിരുന്നു. സ്വന്തം മാതാവിനോടു ചോദിച്ച് പിതൃത്വം ഉറപ്പാക്കിയശേഷം ഈമെയിൽ അയയ്ക്കാൻ ഡിഫെൻഡർ നിർദ്ദേശിച്ചതോടെ ഇയാളുടെ ഈമെയിലുകൾ വരാതായി. പക്ഷേ ''എന്നെ കണ്ടാൽ കിണ്ണം കട്ടതാണെന്നു തോന്നുമോ?'' എന്നു ചോദിക്കാതെ കള്ളന് മന:സമാധാനം ഉണ്ടാകില്ല. ഇയാളും അതുതന്നെ ചെയ്തു.

ഏതാനും ദിവസം മുൻപ് ഒരു സാധാരണ ഈമെയിൽ ഡിഫെൻഡറിനു ലഭിച്ചു. ജസ്റ്റിൻ ജേക്കബ് എന്നൊരാളാണ് ഈമെയിൽ അയച്ചിരിക്കുന്നത്. പക്ഷേ പരിചയമുള്ള വാചകശൈലി. സംശയ നിവാരണത്തിനായി ഈമെയിലിന്റെ ഐ.പി പരിശോധിച്ചു. ദുബായ് അല്ലെങ്കിൽ ഷാർജയിലെ ഐ.പിയാണ്. എവറസ്റ്റുകാരന്റെ ഈമെയിൽ എടുത്ത് ഐ.പി നോക്കി. രണ്ടും ഒന്നുതന്നെ. അതായത് എവറസ്റ്റുകാരൻ തന്നെയാണ് ഇപ്പോൾ മറ്റൊരു പേരിൽ, മര്യാദരാമനായി, ഈമെയിൽ അയച്ചിരിക്കുന്നത്. ഏതായാലും ജസ്റ്റിൻ ജേക്കബ് എന്ന പേര് ശരിയായിരിക്കാനാണ് സാദ്ധ്യത. ഈ ചങ്ങാതിയെ പരിചയമുള്ളവർ ഡിഫെൻഡറിന് വിവരം തരണം.


# വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

# നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# ഷാജി സുകുമാരൻ കള്ളപ്രവാചകനാണ്

മിറാക്കിൾസ് റേഡിയോ എന്ന പേരിൽ ഒരു ഇന്റർനെറ്റ് റേഡിയോയും ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് എന്ന പേരിൽ ഒരു ഓൺലൈൻ പത്രവും നടത്തുന്ന ഷാജി സുകുമാരൻ ഒന്നാംതരം കള്ളപ്രവാചകനാണെന്ന് തെളിഞ്ഞിരിക്കുന്നു. ഹൂസ്റ്റണിൽ ദൈവകോപമുണ്ടാകാൻ പോകുന്നു എന്ന് സ്വന്തം വെബ്സൈറ്റിൽ പ്രവചനം പ്രസിദ്ധീകരിച്ചാണ് ഇയാൾ ജനവഞ്ചന നടത്തിയത്.

റവ.ഡോ. ഷാജി സുകുമാരൻ എന്ന് ഇയാൾ എഴുതുന്നതു കണ്ടപ്പോൾത്തന്നെ ഇയാൾ കള്ളനാണെന്നു ഡിഫെൻഡർ സംശയിച്ചിരുന്നു. എന്നാൽ രണ്ടാഴ്ച മുൻപ് ഇയാൾ സ്വന്തം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച കള്ളപ്രവചനം കണ്ടതോടെ സംശയം നീങ്ങി. ഹൂസ്റ്റണിൽ കൊടുങ്കാറ്റുണ്ടാകാൻ പോകുന്നു എന്ന് ശാസ്ത്രജ്ഞർ പ്രഖ്യാപിച്ചശേഷമാണ് ഇയാൾക്കു പ്രവചനം കിട്ടിയത്. ഹൂസ്റ്റണിൽ വലിയ നാശനഷ്ടമുണ്ടാകും എന്ന് ഇയാൾ കരുതി. താൻ വലിയ പ്രവാചകനാണ് എന്ന് മാലോകരെ അറിയിക്കാൻ ഇതുതന്നെ പറ്റിയ സന്ദർഭം. അങ്ങനെയാണ് ഹൂസ്റ്റണിൽ ദൈവകോപമുണ്ടാകാൻ പോകുന്നു എന്നു പ്രവചിച്ചത്. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച പ്രവചനത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

''കർത്താവിന്റെ എളിയ ദാസനായ ഷാജി സുകുമാരന് തന്റെ പൂർണ്ണമായ ഉപവാസത്തിന്റെ ഏഴാം നാളിൽ പരിശുദ്ധാത്മാവിൽക്കൂടി വെളിപ്പെട്ടു കിട്ടിയത്'' എന്ന ആമുഖത്തോടെയാണ് പ്രവചനം ആരംഭിക്കുന്നത്. ''ഹൂസ്റ്റൺ പട്ടണത്തിൽ ദൈവത്തിന്റെ പ്രതികാരത്തിന്റെ ശക്തിയേറിയ കാറ്റ് കൊടിയ ഇടിമുഴക്കത്തോടും മിന്നലോടും കനത്ത മഴയോടുംകൂടി ആഞ്ഞടിക്കാൻ പോകുന്നു'' എന്നാണ് പ്രവചനം. ഈ പ്രവചനം നടത്താൻ അപ്പോൾ ആർക്കും കഴിയുമായിരുന്നു. കാരണം, ഹൂസ്റ്റണിൽ കൊടുങ്കാറ്റും പേമാരിയും ഉണ്ടാകാൻ പോകുന്നതായി കാലാവസ്ഥാനിരീക്ഷകർ പ്രഖ്യാപിക്കയും ആവശ്യമായ മുൻകരുതൽ സർക്കാർ എടുക്കുകയും ചെയ്യുന്ന സമയമായിരുന്നു അത്. യിരെ. 30: 22-24 ഇയാൾ ഈ പ്രവചനത്തിന് ആധാരമായി ഉദ്ധരിക്കുന്നു. ഹൂസ്റ്റണിലോ മറ്റെവിടെയെങ്കിലുമോ ഈ കാലത്ത് ചുഴലിക്കാറ്റടിക്കുന്നതുമായി ഒരു വിധത്തിലുള്ള ബന്ധവും ഈ വാക്യത്തിനില്ല. ബാബേൽ പ്രവാസം കഴിഞ്ഞ് ദൈവം ജനത്തെ മടക്കിവരുത്തുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് ഈ അദ്ധ്യായത്തിലുള്ളത്. സന്ദർഭത്തിൽ നിന്ന് വാക്യങ്ങൾ അടർത്തിയെടുത്ത് ദുർവ്യാഖ്യാനം ചെയ്യുകയാണ് ഷാജി സുകുമാരൻ ചെയ്യുന്നത്. പ്രവചനം തുടരുന്നു:

''ദൈവം ആരെന്ന് അറിഞ്ഞിട്ടും അവനെ ആരാധിക്കേണ്ട വിധം ആരാധിക്കയോ സേവിക്കയോ അനുസരിച്ചു നടക്കുകയോ ചെയ്യാതെ ലോകത്തിന്റെ ഇമ്പങ്ങളിൽ മയങ്ങിനടക്കുന്ന ജനത്തിൻമേൽ അതു ശക്തമായി പതിക്കും. സോദോം പട്ടണത്തെ നശിപ്പിച്ചതുപോലെ സ്വവർഗ്ഗരതിയിലും തന്താങ്ങളുടെ വയറിനും സുഖഭോഗത്തിനുമായ് ഓടുന്ന ജനങ്ങളേയും ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും അറിഞ്ഞിട്ടും അറിയാതെ ഓടുന്ന ചില യോനാമാരേയും സന്ദർശിച്ചുകൊണ്ടും കൂടുകളെ ഇളക്കിയും ദൈവമക്കളെ യഥാസ്ഥാനപ്പെടുത്തുവാനുമായി കടുപ്പമായി അടിക്കുന്ന ചുഴലിക്കാറ്റുതന്നെ ഹൂസ്റ്റൺ പട്ടണത്തിൽ ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ വീശുവാൻ പോകുന്നു. എന്നാൽ ദൈവത്തിനായി കാത്തിരിക്കുന്ന ദൈവജനത്തിന്റെ കിഴക്കുഭാഗത്തുകൂടി കാറ്റ് ഒഴിഞ്ഞുപോകും.''

ഷാജി സുകുമാരന് ഈ പ്രവചനം കൊടുത്ത ആത്മാവിന് മലയാളം വലിയ പിടിയില്ലെന്നു തീർച്ച. പഴയനിയമം നിരന്തരം വായിക്കുന്ന വിവരദോഷികൾക്ക്



ഉണ്ടാകുന്ന ഒരുതരം അസുഖമുണ്ട്. അത് ഷാജി സുകുമാരനേയും പിടികൂടിയെന്നു തോന്നുന്നു. ഏതായാലും പഴയ നിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞു കൂടാത്തവരാണ് ഇത്തരം വിവരക്കേടുകൾ എഴുന്നെള്ളിക്കുന്നത്.

ഇതു കൃപയുടെ കാലമാണ്. ഇക്കാലത്ത് ദൈവം ഒരു പട്ടണത്തിൻമേലോ ജനതയുടെ മേലോ ന്യായവിധി അയയ്ക്കുകയില്ല. ഇക്കാലത്ത് ദൈവം വ്യക്തികളോടാണ് ഇടപെടുന്നത്. മാനസാന്തരപ്പെടാത്തവർക്കുള്ള ശിക്ഷ ഈ ലോകത്തിൽവച്ച് വളരെ അപൂർവ്വമായേ കൊടുക്കാറുള്ളൂ. ഇതു കൃപയുടെ കാലമാണെന്നതുതന്നെ കാരണം. പക്ഷേ ദൈവവചനത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ പോലും മനസ്സിലാക്കാതെ സ്വയം ബൈബിൾ പഠിക്കുന്നവർ പഴയനിയമത്തിലെ ദൈവത്തെയാണ് പുതിയനിയമത്തിലും കാണുന്നത്. ഷാജി സുകുമാരനു പറ്റിയതും ഇതുതന്നെ.

പാപം ചെയ്യുന്ന പട്ടണത്തെ ദൈവം ഇക്കാലത്തും ശിക്ഷിക്കുമെന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ ഹൂസ്റ്റണാണോ ലോകത്തിൽ ഏറ്റവും പാപമുള്ള പട്ടണം? ലോകത്തിന്റെ കാര്യം പോകട്ടെ, അമേരിക്കയിൽ ഹൂസ്റ്റണാണോ ഏറ്റവും പാപപങ്കിലമായ പട്ടണം? ഏറെ പാപമുള്ള മറ്റു പട്ടണങ്ങളെ വിട്ടിട്ട് ഹൂസ്റ്റണിൽ മാത്രം ദൈവം എന്തുകൊണ്ട് ശിക്ഷ അയയ്ക്കുന്നു? കള്ളപ്രവചനം നടത്തുന്നവർ ഇത്തരം ചോദ്യങ്ങൾക്കു മറുപടി പറയില്ല.

''ദൈവത്തിനായി കാത്തിരിക്കുന്ന ദൈവജനത്തിന്റെ കിഴക്കുഭാഗത്തുകൂടി കാറ്റ് ഒഴിഞ്ഞുപോകം'' എന്നത്രേ ഷാജി പറയുന്നത്. എന്താണ് ഈ പറഞ്ഞതിന്റെ അർത്ഥം എന്നറിഞ്ഞുകൂടാ. കൊടുക്കാറ്റു വരുമ്പോൾ ദൈവമക്കളെല്ലാംകൂടി ലൈനായിട്ട് നിന്നാൽ മാത്രമേ അവരുടെ കിഴക്കുവശത്തുകൂടി കാറ്റിനു പോകാൻ പറ്റൂ. പക്ഷേ ഹൂസ്റ്റണിലെ വിശ്വാസികൾ നഗരത്തിന്റെ പല ഭാഗങ്ങളിലായി താമസിക്കയാണ്. അവരുടെയെല്ലാം കിഴക്കുഭാഗത്തുകൂടി മാത്രം ചുഴലിക്കാറ്റ് അടിക്കുന്നതെങ്ങനെ? വിവരക്കേടു പറയുന്നതിനും വേണ്ടേ ഒരു അതിരൊക്കെ?

പുറ. 12: 13 ആധാരമാക്കിയാണ് തുടർന്നുള്ള വ്യാഖ്യാനം. ഇവിടെ പറയുന്ന സംഭവം സഹസ്രാബ്ദങ്ങൾക്കു മുൻപു നടന്നതാണ്. അന്നു ദൈവം തന്റെ ജനത്തെ രക്ഷിച്ചതുപോലെ ഇന്നും രക്ഷിക്കുമെന്നാണു വാദമെങ്കിൽ തെറ്റി. വിവരം കെട്ടവരെ ഇളക്കാനായി ഉണർവ്വു പ്രസംഗകരും കള്ളപ്രവാചകൻമാരും മറ്റും ഇങ്ങനെ പറയാറുണ്ടെങ്കിലും പുതിയനിയമത്തിൽ ഇത്തരം ഒരു പഠിപ്പിക്കലില്ല. പ്രകൃതിക്ഷോഭം, യുദ്ധം, ക്ഷാമം, പകർച്ചവ്യാധി തുടങ്ങിയവ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ ഉള്ള വ്യത്യാസമില്ലാതെ ഏവരേയും ബാധിക്കും. ഹൂസ്റ്റണിൽ ഉണ്ടായ കൊടുങ്കാറ്റിൽ വിശ്വാസിയും അവിശ്വാസിയും ഒന്നുപോലെ കഷ്ടപ്പെട്ടു. എവിടെ എന്ത് അത്യാഹിതമുണ്ടായാലും വിശ്വാസികളും അവിശ്വാസികളും ഒന്നുപോലെ ബുദ്ധിമുട്ടും.

പുറ. 19: 5-6 ഉദ്ധരിച്ചുള്ള വ്യാഖ്യാനവും ശരിയല്ല. ദൈവം യിസ്രായേലിനോടു പറഞ്ഞ കാര്യം പുതിയനിയമ കാലത്ത് അക്ഷരാർത്ഥത്തിൽ എടുക്കരുത്. വെളി 11: 19 ഉദ്ധരിച്ചാണ് അടുത്ത വ്യാഖ്യാനം. എതിർക്രിസ്തുവിന്റെ ഭരണകാലത്തു നടക്കുന്ന കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ഹൂസ്റ്റണിലോ മറ്റെവിടെയെങ്കിലുമോ ഇക്കാലത്ത് ഏതെങ്കിലും വിധത്തിലുള്ള പ്രകൃതിക്ഷോഭമുണ്ടാകുന്നതുമായി ഈ വാക്യത്തിനു ബന്ധമില്ല.

ഷാജി സുകുമാരൻ കള്ളപ്രവചനം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: ''ദൈവത്തിന്റെ ആത്മാവു കാണിച്ചുതന്നത് കഴിഞ്ഞ പലതവണ സംഭവിച്ചതുപോലെയല്ല, ഈ പ്രാവശ്യം ദൈവത്തിൽ നിന്നു സംഹാരദൂതൻ ഇറങ്ങിയിരിക്കുന്നു. ഇതോടുകൂടി ഈ പട്ടണത്തെ ബാധിച്ചിരിക്കുന്ന ബാഹ്യമായ അന്ധകാരശക്തികൾ നശിപ്പിക്കപ്പെടും.''

പക്ഷേ ഇതൊക്കെയാണോ ഹൂസ്റ്റണിൽ സംഭവിച്ചത്? അല്ലെന്ന് ഏവർക്കും അറിയാം. കൊടുങ്കാറ്റുണ്ടാകുമെന്ന് ഷാജി പറയുന്നതിനു മുൻപുതന്നെ കാലാവസ്ഥാ നിരീക്ഷകർ പറഞ്ഞതുകൊണ്ട് സർക്കാർ വേണ്ടത്ര മുൻകരുതൽ എടുത്തു. അതുകൊണ്ട് നഷ്ടം പരമാവധി കുറയ്ക്കാൻ സാധിച്ചു. ഷാജി പറയുന്നത്ര ഗൗരവമുള്ള ഒന്നും ഹൂസ്റ്റണിൽ സംഭവിച്ചില്ല. മാത്രമല്ല, വിശ്വാസിയും അവിശ്വാസിയും തമ്മിൽ ഒരു വ്യത്യാസവുമുണ്ടായതുമില്ല. വിശ്വാസികളുടെ കിഴക്കുവശത്തുകൂടി കാറ്റടിച്ചതായി വിശ്വാസികൾ പോലും പറഞ്ഞുമില്ല. ഷാജിയുടെ പ്രവചനം ശുദ്ധ കള്ളപ്രവചനമായിരുന്നു.

ഈ കൊടുങ്കാറ്റു കഴിഞ്ഞതോടെ ഹൂസ്റ്റണിലെ ബാഹ്യമായ അന്ധകാരശക്തികൾ നശിപ്പിക്കപ്പെട്ടത്രേ. അന്ധകാര ശക്തികൾ കാറ്റത്ത് പറന്നുപോകുകയോ വെള്ളത്തിൽ മുങ്ങിച്ചാകുകയോ ചെയ്തിരിക്കാം. എങ്ങനെയായാലും അവരേക്കൊണ്ടുള്ള ശല്യം തീർന്നല്ലോ, ഭാഗ്യം.

പല തരത്തിലുള്ള കള്ളപ്രവാചകൻമാരെ കണ്ടിട്ടുണ്ട്, പക്ഷേ ഇത്തരത്തിലൊരെണ്ണത്തെ ആദ്യം കാണുകയാണ്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് - 1500 രൂപ മാത്രം**

**ഓരോ അധിക പേജിനും 400 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**




RNI No. 68089 / 97
2008 October 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ഐ.പി.സിയും കെ.സി.ജോണും പിന്നെ ഞാനും

കെ.സി.ജോൺ ഹാലേലൂയ്യാ ദ്വൈവാരികയ്ക്കു നൽകിയ അഭിമുഖത്തിൽ പറഞ്ഞ കള്ളങ്ങളേക്കുറിച്ചായിരുന്നു കഴിഞ്ഞ ചില ലക്കങ്ങളിൽ വിശദീകരിച്ചത്. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് മറ്റു ചില കാര്യങ്ങൾ കൂടി പറയേണ്ടതുണ്ട്.

1974ൽ ആണ് റ്റി.എസ്. ബാലൻ എന്ന ഞാൻ രക്ഷിക്കപ്പെട്ടത്. ദൈവവചനം പഠിക്കാനുള്ള ആർത്തിമൂലം നിരവധി ആത്മീയ ഗ്രന്ഥങ്ങൾ ഞാൻ വായിച്ചു. പാസ്റ്റർ കെ.ഇ.ഏബ്രഹാം എഴുതിയ മഹതിയാം ബാബിലോൺ, പരിശുദ്ധാത്മസ്നാനം എന്നീ പുസ്തകങ്ങൾ എന്റെ ആത്മീയ വളർച്ചക്ക് ഏറെ സഹായകമായി. ഉപദേശ സത്യങ്ങൾക്കുവേണ്ടി നിരന്തരം പോരാടിയ വ്യക്തിയെന്ന നിലയിൽ അന്നും ഇന്നും എനിക്ക് പാസ്റ്റർ കെ.ഇ.ഏബ്രഹാമിനോട് ആദരവുണ്ട്. (എന്നാൽ സംഘടന, ഓർഡിനേഷൻ തുടങ്ങി പല വിഷയങ്ങളിലും കെ.ഇ.ഏബ്രഹാമിനു തെറ്റുപറ്റി എന്നു പറയാതെവയ്യ). കെ.ഇ. ഏബ്രഹാമിന്റെ മകനും പിൻഗാമിയുമായ റ്റി.എസ്.ഏബ്രഹാമും വിശുദ്ധനായ ദൈവദാസനാണ് എന്നു ഞാൻ കരുതിയിരുന്നു.

എന്റെ വിശ്വാസജീവിതത്തിന്റെ ആദ്യത്തെ 10 വർഷങ്ങൾ ഞാൻ കഴിച്ചുകൂട്ടിയത് ഇടുക്കി ജില്ലയിലുള്ള എന്റെ സ്വന്തം ദേശത്തുതന്നെ ആയിരുന്നു. സാധാരണക്കാരനായ ഒരു വിശ്വാസി എന്നതിൽ കവിഞ്ഞ് ഒന്നും ആയിരുന്നില്ല ഞാൻ അക്കാലത്ത്. 1984ൽ ഞാൻ നാഗാലാന്റിലേക്കു പോയി. അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ട് 1993ൽ ഞാൻ കേരളത്തിൽ മടങ്ങിയെത്തി. എന്റെ നാഗാലാന്റ് ജീവിതത്തിന്റെ വിശദമായ വിവരണം ''നാഗാലാന്റ് സ്മരണകൾ'' എന്ന പുസ്തകത്തിൽ വായിക്കാം. ഈ പുസ്തകം ഇന്റർനെറ്റിൽ ലഭ്യമാണ്. tsbalan.org/books/books.html

പെന്തക്കോസ്ത് സഭകളേക്കുറിച്ചും പെന്തക്കോസ്ത് നേതാക്കൻമാരേക്കുറിച്ചും വളരെ നല്ല ധാരണകളുമായാണ് ഞാൻ കേരളത്തിലെത്തിയത്. പക്ഷേ എന്റെ ധാരണയൊക്കെ വെറും തെറ്റിദ്ധാരണകളായിരുന്നു എന്ന് ഏറെ താമസിയാതെ ബോദ്ധ്യമായി. ഞാൻ കർത്താവിനെ കണ്ട് ഇറങ്ങിയവനായതുകൊണ്ടുമാത്രം ഇന്നും വിശ്വാസത്തിൽ നിലനിൽക്കുന്നു എന്നേ പറയേണ്ടൂ.

പാസ്റ്റർ കെ.ഈ.ഏബ്രഹാമിനേപ്പോലുള്ളവർ സത്യ വിശ്വാസ സംരക്ഷണത്തിനായി നടത്തിയ പോരാട്ടങ്ങൾ വായിച്ച് ആവേശം ഉൾക്കൊണ്ട എന്റെ മുൻപിൽ ആദ്യമായി വന്നുപെട്ട ദുരുപദേശം പ്രജാപതിയായിരുന്നു. സ്വന്തം മകളെ ഭാര്യയാക്കിയ ഒരു ദേവനെ യേശുക്രിസ്തുവായി അവതരിപ്പിക്കുന്നത് സഹിക്കാനുള്ള കഴിവ് എനിക്കില്ലായിരുന്നു. അതുകൊണ്ട് ഈ ഭോഷ്ക്കിനെതിരെ ഞാൻ പോരാടി. ഇത്തരം ദുരുപദേശങ്ങൾക്കെതിരെ ദൈവമക്കൾക്കു മുന്നറിയിപ്പു കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ 1997 ഡിസംബറിൽ ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ തുടങ്ങുകയും ചെയ്തു. 1999 ആയപ്പോഴേക്കും പ്രജാപതിയുടെ കഥ കഴിഞ്ഞു. ഈ ഭോഷ്ക്കു പ്രസംഗിക്കാൻ ആളില്ലാതായി. ഐ.പി.സിയുടെ സണ്ടേസ്ക്കൂൾ പുസ്തകത്തിൽ നിന്നുവരെ പ്രജാപതി ഔട്ടായി.

സുരേഷ് ബാബുവിന്റെ തട്ടിപ്പുകൾ മരുപ്പച്ച, ഹാലേലൂയ്യാ എന്നീ പത്രങ്ങളിലൂടെ മാലോകർ അറിഞ്ഞത് ഈ കാലത്താണ്. പക്ഷേ ഒന്നോ രണ്ടോ ലക്കം എഴുതിയശേഷം ഈ പത്രങ്ങൾ സുരേഷിനേപ്പറ്റി എഴുതുന്നതു നിർത്തി. അത് എനിക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. സുരേഷ് ബാബുവിനെ ദൈവത്തേപ്പോലെ കരുതുന്ന ആയിരക്കണക്കിന് ആൾക്കാരുണ്ട്. പക്ഷേ സുരേഷ് പരമ വ്യഭിചാരിയും ശുദ്ധ തട്ടിപ്പുകാരനുമാണെന്ന സത്യം വിളിച്ചുപറയാൻ ആളില്ല. അതുകൊണ്ട് ഡിഫെൻഡർ ആ ദൗത്യം ഏറ്റെടുത്തു. അന്നു മുതൽ ഇന്നുവരെ ഡിഫെൻഡർ സുരേഷിനേക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുന്നു.

ഒരു ദിവസം എനിക്ക് ഒരു കത്തുകിട്ടി. മസ്ദൂർ ഭാരതി എന്ന പ്രസിദ്ധീകരണത്തിന്റെ രണ്ടു പേജുകളുടെ ഫോട്ടോ കോപ്പി ആയിരുന്നു അത്. ഐ.പി.സിയുമായി ബന്ധപ്പെട്ട ഒരു ലേഖനമാണ് അതിൽ ഉണ്ടായിരുന്നത്. ഈ ലേഖനം ഹിന്ദുവിശ്വ എന്ന മാസികയിൽ നിന്ന് എടുത്തതാണെന്നും അതിൽ എഴുതിയിരുന്നു. ഐ.പി.സിയിൽ നടമാടുന്ന കൊള്ളരുതായ്മകളേക്കുറിച്ചാണ് ലേഖനത്തിൽ എഴുതിയിരുന്നത്. റ്റി.എസ്.ഏബ്രഹാമിന്റെ ദുർന്നടപ്പായിരുന്നു ഏറ്റവും ഗൗരവമുള്ള വിഷയം. കുമ്പനാട്ടുള്ള വനിത ബൈബിൾ സ്ക്കൂളിൽ പഠിക്കാനെത്തിയ കുളത്തൂപ്പുഴക്കാരിയായ ഒരു പെൺകുട്ടിയെ ബംഗ്ലാവ് ഡ്യൂട്ടിക്കെന്നു പറഞ്ഞു വിളിച്ച് റ്റി.എസ്. ഏബ്രഹാം വ്യഭിചരിച്ചെന്നും ആ പെൺകുട്ടി ഗർഭിണിയായെന്നും ഗർഭം അലസിപ്പിച്ച് പ്രശ്നം പരിഹരിച്ചെന്നും മറ്റുമാണ് ലേഖനത്തിൽ വിവരിച്ചിരുന്നത്.

കെ.ഇ.ഏബ്രഹാമിന്റെ മകനായ റ്റി.എസ്.ഏബ്രഹാം ഇത്തരം ഒരു ഹീനകൃത്യം ചെയ്യുമെന്നു വിശ്വസിക്കാൻ എനിക്കു കഴിഞ്ഞില്ല. ഐ.പി.സിയെ അപമാനിക്കാൻ ആരോ കള്ളക്കഥകൾ പടച്ചുവിടുകയാണ്. ഇതിനെതിരെ പ്രതികരിച്ചേ മതിയാകൂ, ഞാൻ തീരുമാനിച്ചു.

ഒരു കത്തു തയ്യാറാക്കി, ലേഖനത്തിന്റെ കോപ്പി സഹിതം, റ്റി.എസ്.ഏബ്രഹാമിന് അയച്ചു കൊടുക്കുകയാണ് ആദ്യം ചെയ്തത്. ലേഖനത്തിൽ പറയുന്നതു ശരിയാണെങ്കിൽ റ്റി.എസ്.ഏബ്രഹാം ഐ.പി.സിയുടെ നേതാവായി തുടരാൻ പാടില്ല. അതല്ല, ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ കളവാണെങ്കിൽ ഈ ലേഖനം പ്രസിദ്ധീകരിച്ച മാസികകൾക്കെതിരെ മാനനഷ്ടക്കേസ്സ് കൊടുത്ത് റ്റി.എസ്.ഏബ്രഹാം സത്യം തെളിയിക്കണം. ഇതായിരുന്നു എന്റെ കത്തിലുണ്ടായിരുന്നത്. കത്തു കിട്ടിയാലുടൻ റ്റി.എസ്.ഏബ്രഹാം മറുപടി അയയ്ക്കുമെന്നാണ് ഞാൻ കരുതിയത്. അങ്ങനെ മറുപടി അയച്ചിരുന്നെങ്കിൽ ഈ പ്രശ്നം ലോകം അറിയാതെ പരിഹരിക്കാൻ കഴിയുമായിരുന്നു. എന്നാൽ റ്റി.എസ്.ഏബ്രഹാം പരമ വ്യഭിചാരിയാണ് എന്ന വസ്തുത ലോകം അറിയണമെന്നത് ദൈവഹിതമായിരുന്നു. അതുകൊണ്ട് എന്റെ കത്തിനു മറുപടി അയയ്ക്കാൻ റ്റി.എസ്.ഏബ്രഹാമിനു തോന്നിയില്ല. കത്തിനു മറുപടി കിട്ടാതായതോടെ എനിക്കു സംശയമായി. റ്റി.എസ്.ഏബ്രഹാമിന് എന്തോ ഒളിക്കാനുണ്ടെന്നു വ്യക്തം. അതെന്താണ്?

ഐ.സി.സി കൗൺസിൽ അംഗങ്ങൾക്കെല്ലാം കത്തയയ്ക്കുകയാണ് ഞാൻ അടുത്തതായി ചെയ്തത്. മാസികയിൽ വന്ന ലേഖനത്തിന്റെ കോപ്പിയും ഒപ്പം വച്ചിരുന്നു. ഇത്തവണ ആരെങ്കിലും പ്രതികരിക്കുമെന്ന് ഞാൻ ഉറപ്പിച്ചിരുന്നു. പക്ഷേ ഒരു പ്രതികരണവുമുണ്ടായില്ല. ഐ.പി.സിയേക്കുറിച്ച് എനിക്കുണ്ടായിരുന്ന ധാരണകളെല്ലാം അതോടെ തകർന്നു. സഭയുടെ നേതാവ് വ്യഭിചാരിയും ഗർഭഛിദ്രം വരെ നടത്തിയവനുമാണെന്നു കേട്ടിട്ട് ആർക്കും ഒരു കൂസലുമില്ല. മറുപടിയെങ്കിലും അർഹിക്കുന്ന വിഷയമാണിതെന്ന് ആരും കരുതുന്നുമില്ല. ഇതെന്തു മറിമായം? പക്ഷേ എനിക്ക് ഈ പ്രശ്നം അത്ര നിസ്സാരമായി തള്ളിക്കളയാനാവില്ല. കാരണം, ഞാൻ വീണ്ടുംജനനം പ്രാപിച്ചവനാണ്. ദുർന്നടപ്പുപോലുള്ള പാപങ്ങൾ നിസ്സാരമായി തള്ളിക്കളയാനാവില്ല. അതുകൊണ്ട് ഞാൻ അന്വേഷണം തുടർന്നു.

ഒരു ദിവസം, തികച്ചും യാദൃശ്ചികമായി, ഞാൻ തിരുവല്ലയിൽ വച്ച് കെ.സി.ജോണിനെ കണ്ടു. ആദ്യമായി ഞാൻ കെ.സി.ജോണിനെ കണ്ടത് അന്നാണ്. കെ.സി.ജോൺ ഉൾപ്പെടെയുള്ള ഐ.പി.സി നേതാക്കൻമാർക്ക് ഞാൻ അയച്ച കത്തിന് മറുപടി ലഭിക്കാത്തതിനേക്കുറിച്ച് ഞാൻ കെ.സി.ജോണിനോടു വിശദീകരണം ചോദിച്ചു. തികച്ചും അവിശ്വസനീയമായ ഒരു മറുപടിയാണ് കെ.സി.ജോൺ പറഞ്ഞത്:

''ആ കത്തിൽ പറയുന്ന കാര്യങ്ങളെല്ലാം സത്യമാണ്. അതുകൊണ്ടാണ് ഞങ്ങൾ മറുപടി അയയ്ക്കാത്തത്. റ്റി.എസ്.ഏബ്രഹാം നേരിട്ടു മറുപടി പറയട്ടെ.''

ഇത്രയും പറഞ്ഞിട്ട് കെ.സി.ജോൺ റ്റി.എസ്.ഏബ്രഹാമിന്റെ ദുർന്നടപ്പിന്റെ ചരിത്രം വിശദമായി പറഞ്ഞു. കുളത്തൂപ്പുഴക്കാരിയെ വ്യഭിചരിച്ച് ഗർഭിണിയാക്കിയത് ഒരു സംഭവം മാത്രം. ഇതുപോലുള്ള നിരവധി സംഭവങ്ങൾ ഇതിനു മുൻപും ഉണ്ടായിട്ടുണ്ട്. വനിത ബൈബിൾ കോളേജിൽ പഠിക്കുന്ന പെൺകുട്ടികളെ ബംഗ്ലാവ് ഡ്യൂട്ടിക്കെന്നു പറഞ്ഞ് രാത്രിയിൽ വിളിച്ചുവരുത്തുന്നതും അവരേക്കൊണ്ട് മസിൽ തിരുമ്മിക്കുന്നതും മറ്റും സ്ഥിരം പരിപാടിയാണ്. ഇതൊക്കെ പലരും നേരിൽ കണ്ടിട്ടുമുണ്ട്. കൂടാതെ, മറ്റു പല തരത്തിലുള്ള ദുർന്നടപ്പുവിദ്യകളും റ്റി.എസ്.ഏബ്രഹാം പ്രയോഗിക്കാറുണ്ട്. അനുജനായ ഉമ്മൻ ഏബ്രഹാമും ദുർമ്മാർഗ്ഗിയാണ്. ഇങ്ങനെ ഒട്ടേറെ വിവരങ്ങൾ അന്നു കെ.സി.ജോൺ പറഞ്ഞു. എല്ലാം കേട്ട് ഞാൻ തരിച്ചിരുന്നു. കെ.ഇ.ഏബ്രഹാമിന്റെ മകൻ ഇങ്ങനെയൊക്കെ ചെയ്യുമെന്ന് വിശ്വസിക്കാൻ എനിക്കു ബുദ്ധിമുട്ടുതോന്നി. പക്ഷേ പറയുന്നത് കെ.സി.ജോൺ ആയതുകൊണ്ട് വിശ്വസിക്കാതെ പറ്റില്ല.

റ്റി.എസ്.ഏബ്രഹാം ഇത്ര വലിയ ദുർമ്മാർഗ്ഗിയാണെങ്കിൽ കെ.സി.ജോണിനേപ്പോലുള്ളവർ എന്തുകൊണ്ട് എതിർക്കുന്നില്ല? എതിർക്കുന്നവരെ റ്റി.എസ്.ഏബ്രഹാം പുകച്ചു പുറത്തു ചാടിക്കും. അതുകൊണ്ട് എതിർക്കാൻ ധൈര്യം കിട്ടുന്നില്ല. പക്ഷേ ഐ.പി.സിയുടെ തെരഞ്ഞെടുപ്പ് അടുത്തു വരുകയാണ്. അതിൽ കെ.സി.ജോണിന്റെ പക്ഷം ജയിച്ചാൽ റ്റി.എസ്.ഏബ്രഹാമിനെതിരായി നടപടിയെടുക്കും, തീർച്ച.

കെ.സി.ജോൺ പറഞ്ഞ കഥകളേപ്പറ്റി ഞാൻ കൂടുതൽ അന്വേഷണം നടത്തുകയും സത്യമെന്നു ബോദ്ധ്യപ്പെട്ടവ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്തു. അതോടെ ആകാശം ഇടിഞ്ഞുവീണു എന്നു പറയാം. എനിക്കെതിരെ റ്റി.എസ്.പക്ഷം ആഞ്ഞടിച്ചു. നിരവധി കള്ളക്കേസ്സുകൾ കൊടുത്തു, പത്രമിറക്കി, ഒരു സംഘടനവരെയുണ്ടാക്കി. ബാലനു പിന്നിൽ പ്രവർത്തിക്കുന്നതു കെ.സി.ജോൺ ആണെന്ന് ഒരു സംശയം പലർക്കും ഉണ്ടായി. അതുകൊണ്ട് കെ.സി.ജോണിനെതിരേയും പ്രചരണമുണ്ടായി. അതോടെ കെ.സി.ജോൺ പേടിച്ചു. തെരഞ്ഞെടുപ്പിൽ തന്റെ പക്ഷം തോൽക്കുമെന്ന ശങ്കയുണ്ടായി. ഉടൻ സെന്റർ പാസ്റ്റർമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. താൻ റ്റി.എസ്.ഏബ്രഹാമിന് എതിരായി പ്രവർത്തിച്ചിട്ടില്ലെന്നും പ്രവർത്തിക്കയില്ലെന്നും റ്റി.എസ്.ഏബ്രഹാമില്ലാതെ ഐ.പി.സി ഇല്ലെന്നും പ്രഖ്യാപിച്ചു. റ്റി.എസ്.ഏബ്രഹാമിനേക്കുറിച്ചു ബാലൻ എഴുതുന്നതെല്ലാം കള്ളമാണെന്നും കെ.സി.ജോൺ പറഞ്ഞു. ഈ വിവരം അന്നു തന്നെ ഞാൻ അറിഞ്ഞു. അടുത്തലക്കം ഡിഫെൻഡറിൽ കെ.സി.ജേണിന്റെ ഇരട്ടത്താപ്പിനെതിരെ ഞാൻ ലേഖനമെഴുതി. പക്ഷേ റ്റി.എസ്.ഏബ്രഹാമിനേക്കുറിച്ച് എനിക്കു വിവരം തന്നതു കെ.സി.ജോൺ ആണെന്ന വസ്തുത വെളിപ്പെടുത്തിയില്ല. ഡിഫെൻഡർ കണ്ടതോടെ കെ.സി.ജോൺ പേടിച്ചു. എങ്ങനെയെങ്കിലും ഡിഫെൻഡറിന്റെ വായടച്ചില്ലെങ്കിൽ കാര്യം കുഴയുമെന്ന് കെ.സി.ജോണിനു ബോദ്ധ്യമായി. അതുകൊണ്ട് എന്റെ ഒരു സുഹൃത്തിനെ സ്വാധീനിച്ച് സന്ധിസംഭാഷണത്തിനു തയ്യാറായി. ഇരുവരും എറണാകുളത്തുള്ള ഒരു ഹോട്ടലിൽ എത്തി. ഞാനും അവിടെ ചെന്നു. അവിടെവച്ച് കെ.സി പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: റ്റി.എസ്.ഏബ്രഹാമിന് അനുകൂലമായി കെ.സിയും കൂട്ടരും ഇപ്പോൾ നിലപാടെടുക്കുന്നത് ഒരു അടവാണ്. തെരഞ്ഞെടുപ്പു കഴിയുമ്പോൾ കെ.സിക്കും കൂട്ടർക്കും ഐ.പി.സിയിൽ നിർണ്ണായകമായ സ്വാധീനമുണ്ടാകും. അപ്പോൾ അവർ പ്രതികരിക്കും. റ്റി.എസ്സിനോട് രാജിവച്ചു പുറത്തു പോകാൻ പറയും. പോയില്ലെങ്കിൽ കെ.സിയും കൂട്ടരും രാജിവയ്ക്കും. അതോടെ റ്റി.എസ്സിനെതിരെ ജനവികാരമുണ്ടാകും. അയാൾ രാജിവയ്ക്കും. ഇതൊക്കെ നടക്കണമെങ്കിൽ കെ.സിയും കൂട്ടരും ജയിക്കണം. അതുകൊണ്ട് തെരഞ്ഞെടുപ്പു കഴിയുന്നതുവരെ ഡിഫെൻഡർ കെ.സിക്കെതിരെ എഴുതരുത്. കെ.സിക്ക് ഒരവസരം കൊടുക്കാമെന്ന് ഞാൻ തീരുമാനിച്ചു. പക്ഷേ തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ കെ.സി വാക്കുമാറി. റ്റി.എസ്സിനെതിരെ ഒരു നടപടിയും ഉണ്ടായില്ല.

അതിനിടയിൽ ഞാൻ കെ.സി.ജോണിനേക്കുറിച്ച് ചില അന്വേഷണങ്ങൾ നടത്തി. റ്റി.എസ്.ഏബ്രഹാമിനേക്കാൾ വലിയ വ്യഭിചാരിയാണ് കെ.സി.ജോൺ എന്നു ഞാൻ കണ്ടെത്തിയത് അങ്ങനെയാണ്. തുടർന്ന് ഞാൻ കെ.സി.ജോണിനേക്കുറിച്ച് എഴുതാൻ തുടങ്ങി. ചക്കരവാക്കു പറഞ്ഞ് എന്റെ വായടപ്പിക്കാൻ കെ.സി.ജോൺ ഒരു ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. അതുകൊണ്ട് അടവൊന്നു മാറ്റി. പെന്തക്കോസ്ത് നേതാക്കൻമാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി ''പെന്തക്കോസ്ത് ഐക്യവേദി'' എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി. പെന്തക്കോസ്ത് ഐക്യത്തിനുവേണ്ടിയുള്ള ഒരു സംഘടനയാണിത് എന്നാണ് മിക്കവരും കരുതിയത്. പക്ഷേ റ്റി.എസ്.ബാലനെതിരെയാണ് സംഘടന എന്നു മനസ്സിലായതോടെ ചർച്ച് ഓഫ് ഗോഡും ന്യൂ ഇന്ത്യാ ബൈബിൾ ചർച്ചും പിൻമാറി. ശാരോൻ അംഗത്വമെടുത്തതുമില്ല. ഒടുവിൽ കെ.സി.ജോണും പി.എസ്.ഫിലിപ്പും മാത്രം ശേഷിച്ചു. അടുത്ത ഡിഫെൻഡർ കൂടി കണ്ടതോടെ കെ.സി. ശരിക്കും ഭയന്നു.

ചില ദിവസങ്ങൾ കഴിഞ്ഞ് കോട്ടയം-തിരുവല്ല ഭാഗങ്ങളിലുള്ള എന്റെ ചില സുഹൃത്തുക്കൾ എന്നെ കാണാൻ കീഴില്ലത്തെത്തി. കെ.സി.ജോൺ മൂവാറ്റുപുഴയിലുള്ള ഒരു ഹോട്ടൽ മുറിയിൽ ഇരിപ്പുണ്ടെന്നും ഏതുവിധ ഒത്തുതീർപ്പിനും തയ്യാറാണെന്നും അവർ പറഞ്ഞു. അവരുടെ നിർബ്ബന്ധത്തിനു വഴങ്ങി ഞാൻ മൂവാറ്റുപുഴയിൽ ചെന്ന് കെ.സി.ജോണിനെ കണ്ടു. തെറ്റുകൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കയും ഇനി പാപം ചെയ്യില്ലെന്ന് എഴുതി തരുകയും ചെയ്താൽ പ്രശ്നം തീർക്കാമെന്ന് ഞാൻ പറഞ്ഞു. പക്ഷേ എഴുതി തരാൻ കെ.സി.ജോൺ തയ്യാറായില്ല. ''പോടാ.....'' എന്നു പറഞ്ഞിട്ട് ഞാൻ ഇറങ്ങിപ്പോന്നു.

സംഗതി ആകെ കുഴഞ്ഞു എന്ന് കെ.സി.ജോണിനു മനസ്സിലായി. എന്തെങ്കിലുമൊക്കെ പറഞ്ഞ് എന്നെ ഒതുക്കാമെന്നുള്ള മോഹം വെറും വ്യാമോഹമാണെന്നു വ്യക്തമായതോടെ കെ.സി.ജോൺ ഭയന്നുവിറച്ചു. ഏതാനും ദിവസം കഴിഞ്ഞ് കെ.സി.ജോൺ എറണാകുളത്തുള്ള ഒരു മാന്യവ്യക്തിമുമായി ബന്ധപ്പെട്ടു. ക്ഷമ എഴുതിതന്ന് പ്രശ്നം പരിഹരിക്കാമെന്നു വാക്കു പറഞ്ഞതനുസരിച്ച് ഞാൻ എറണാകുളത്തെത്തി. കെ.സി.ജോണും ഹാജരായി. അപ്പോൾ ആ സുഹൃത്ത് ഒരു പ്രായോഗിക പ്രശ്നം ഉന്നയിച്ചു: ക്ലിന്റൻ തെറ്റ് ഏറ്റു പറഞ്ഞപ്പോൾ അമേരിക്കക്കാർ ക്ഷമിച്ചു. പക്ഷേ തെറ്റ് ഏറ്റു പറഞ്ഞാൽ പെന്തക്കോസ്തുകാർ ക്ഷമിക്കയില്ല. അതോടെ കെ.സിയുടെ കഥ കഴിയും. എന്താണു പോംവഴി? സ്നേഹപൂർവ്വമായ നിർബ്ബന്ധത്തിനു വഴങ്ങി ഞാൻ ഒരു സൗജന്യം അനുവദിച്ചു. പക്ഷേ എനിക്കു പറ്റിയിട്ടുള്ള അബദ്ധങ്ങളിൽ ഏറ്റവും വലുതായിരുന്നു അത്. ആ കഥ വിശദമായി അടുത്ത ലക്കത്തിൽ പറയാം.

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan